കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കായംകുളം നഗരസഭ

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ജിഎ.5-266/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി. 24.05.2019

ഫോൺ – 0477 2252753

ഇ-മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖാന്തിരം)
കായംകുളം നഗരസഭ

*സർ,*

*വിഷയം: - കായംകുളം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് –റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്-- സംബന്ധിച്ച്.*

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള നഗരപാലികാ നിയമം 295(4) -ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായംകുളം നഗരസഭയുടെ 2017-2018 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം.2** ലേയും **ഭാഗം.3 ലേയും** ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റേയും അതിൻമേൽ നഗരസഭ എടുത്ത തീരുമാനത്തിന്റേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള മുനിസിപ്പാലിറ്റി - പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. [1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23. 1997 ലെ കേരള മുനിസിപ്പാലിറ്റി-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക].

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1.സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ് (ഉപരി പത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരി പത്രം സഹിതം)

3.ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉപരി പത്രം സഹിതം)

4.റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ് (ഉപരി പത്രം സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ജിഎ.5/266/2019 തീയതി:24.05.2019

# ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരള നഗരപാലികാ നിയമം - വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആലപ്പുഴ ജില്ലയിലെ കായംകുളം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.4.2017 മുതൽ 31.03.18 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സാബു ജോസഫ്,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.02.2019,<br>16.02.2019 – 26.02.2019 | ശ്രീമതി. പി.കെ.വിജയലക്ഷ്മി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ. ബി.ലിജിലാൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.ജയകൃഷ്ണ.ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീമതി. ദീപ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ഷീബ. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. പ്രീത, ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | |
|---|---|
| ശ്രീ. എൻ.ശിവദാസൻ | 01.04.2017 മുതൽ 31.03.2018 വരെ |

### 2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി.ആർ. ഗിരിജ | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. ആറ്റകുഞ്ഞ് | 01.04.2017 മുതൽ 31.03.2018വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.ഷീബാദാസ് | 01.04.2017 മുതൽ 31.03.2018വരെ |
| 4 | ആരോഗ്യം | ശ്രീമതി. സജ്നാഷെഹീർ | 01.04.2017 മുതൽ 31.03.2018 വരെ |
| 5 | വിദ്യാഭ്യാസം | ശ്രീമതി. ഷാമില അനിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| 6. | പൊതുമരാമത്ത് | ശ്രീമതി. കരിഷ്മ.എസ് | 01.04.2017 മുതൽ 31.03.2018 വരെ |

### 3) സെക്രട്ടറി

| | | |
|---|---|---|
| 1. | ശ്രീ. ഡി. ജയകുമാർ | 01.04.2017മുതൽ 27.06.2017 വരെ |
| 2. | ശ്രീ.സജി.എൽ.എസ് | 28.06.2017 മുതൽ 31.03.2018വരെ |

### 4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | അഗ്രിക്കൾച്ചറൽ ഫീൽഡ് ഓഫീസർ | ശ്രീമതി. റംലത്ത് ബീവി | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.വി.നാരായണപിള്ള. | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.അജിത. ജി | 01.04.2017മുതൽ 05.12.2017 വരെ |
| | | ശ്രീമതി. ദീപാ രവി.എൽ | 06.12.2017മുതൽ 31.03.2018 വരെ |
| 4 | സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ഡോ.സുജ എബ്രഹാം. | 01.04.2017മുതൽ 26.02.2018 വരെ |
| | | [illegible] | [illegible] |

| | | | |
|---|---|---|---|
| | | ഡോ. സജീഷ് മുഹമ്മദ് | 27.02.2018 മുതൽ 31.03.2018 വരെ |
| 5 | ചീഫ് മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജയലക്ഷ്മി.ഒ | 01.4.2017മുതൽ 31.7.2017വരെ |
| | | ഡോ.റസീന | 01.08.2017 മുതൽ 08.08.2017 വരെ |
| | | ഡോ. സുനി.കെ | 09.08.2017 മുതൽ 22.10.2017 വരെ |
| | | ഡോ. അനിൽ.ഡി | 23.10.2017 മുതൽ 02.03.2018 വരെ |
| | | ഡോ. മാഗിൻ.ബി | 03.03.2018 മുതൽ 31.03.2018 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. വിജയേന്ദ്രൻ. പി | 01.04.2017മുതൽ 31.03.2018 വരെ |
| 8 | പ്രിൻസിപ്പൽ, ഗവ.ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ | ശ്രീമതി.ഷേർളിക്കുട്ടി.റ്റി. മൊളക്കൽ | 01.04.2017മുതൽ 31.03.2018 വരെ |
| 9 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ. ഷാജി.ജെ | 01.04.2017മുതൽ 02.09.2017 വരെ |
| | | ശ്രീമതി. എൻ.ഷൈനി | 20.09.2017 മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ചിഞ്ചു.എസ് | 01.04.2017മുതൽ 02.09.2017 വരെ |
| | | ശ്രീ.രഘു.പി | 01.11.2017മുതൽ 31.03.2018 വരെ |
| 11 | പ്രോജക്ട് ഓഫീസർ, ദാരിദ്ര്യ ലഘൂകരണ വിഭാഗം | ശ്രീ. കൃഷ്ണകുമാർ. വി | 01.04.2017മുതൽ 19.10.2017വരെ |
| | | ശ്രീമതി.ബിന്ദു.എസ് നായർ | 20.10.2017മുതൽ 31.03.2018 വരെ |
| | എസ്.സി.ഡി.ഒ. | ശ്രീമതി. മിനി.ആർ | 01.04.2017മുതൽ 31.03.2018 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം – 2 | | |
| 12 | 2-1 | നഗരസഭയിലെ വസ്തുനികുതി പരിഷ്കരണം പുനർനിർണ്ണയം പൂർത്തിയാക്കി നികുതി പരിഷ്കരിച്ചിട്ടില്ല |
| 13 | 2-2 | തെറ്റായ അസ്സസ്മെന്റ്, നികുതി ഈടാക്കിയതിൽ 6176/-രൂപ കുറവ് തെറ്റായ അസ്സസ്മെന്റ് , നികുതി ഈടാക്കിയതിൽ 6175.64/- രൂപ കുറവ് |
| 14 | 2-3 | മൊബൈൽടവ്വറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല |
| 15 | 2-4 | തൊഴിൽനികുതിയിനത്തിൽ വൻ വരുമാനനഷ്ടം |
| 16 | 2-5 | കുത്തക ലേലം -കുടിശ്ശിക തുക ഈടാക്കിയിട്ടില്ല. |
| 17 | 2-6 | ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കുന്നില്ല |
| 18 | 2-7 | വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് - ചട്ടം പാലിക്കപ്പെടുന്നില്ല |
| 19 | 2-8 | പ്ലാസ്റ്റിക് പരിപാലനച്ചട്ടം പാലിക്കുന്നില്ല |
| 20 | 2-9 | ദേശീയ വഴിയോരക്കച്ചവടനിയമം പ്രാബല്യത്തിലായില്ല |
| ഭാഗം – 3 | | |
| 21 | 3-1 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അക്ഷന്തവ്യമായ പാളിച്ചകൾ - വിവിധ പ്രവൃത്തികൾക്കായി അധികം പിൻവലിച്ച 3,62,315രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട് |
| 22 | 3-2 | വെള്ളക്കരം - ഒടുക്കിയ തുക കുറവ് ചെയ്തില്ല, എട്ട് കോടിയിലധികം രൂപ കുടിശ്ശിക |
| 23 | 3-3 | വികസന ഫണ്ട് പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് ചെയ്തു- ക്രമവിരുദ്ധമായ നടപടി |
| 24 | 3-4 | വികസനഫണ്ടിൽ നിന്നും 17 ലക്ഷത്തോളം രൂപ പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 25 | 3-5 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല, തനതുഫണ്ടിന് അധികചെലവ് |
| 26 | 3-6 | പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചു |
| 27 | 3-7 | സോളാർ പാനൽ സ്ഥാപിക്കൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല |
| 28 | 3-8 | വികലാംഗർക്ക് ഉപകരണങ്ങൾ- പ്രോജക്ടിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു |
| 29 | 3-9 | നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടിലെ അപാകതകൾ |
| 30 | 3-10 | അങ്കണവാടി നിർമ്മാണം,വാർഡ് 13 ക്വോട്ട് ചെയ്തതിലും അധികരിച്ച നിരക്കിൽ തുക നല്കി, അധികച്ചെലവ് |
| 31 | 3-11 | വാണിയന്റയ്യത്ത് റോഡ് ഫില്ലിംഗ് & കിഴക്കേടത്ത് റോഡ് കോൺക്രീറ്റിംഗ് - ഫില്ലിംഗിന് നിയമവിധേയമല്ലാതെ തുക ചെലവഴിച്ചു |
| 32 | 3-12 | മൊയ്തീൻതറ റോഡ്, വള്ളിയിൽ റോഡ് & കരോട്ടിപ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് - ക്രമവിരുദ്ധമായ നടപടികൾമൂലം അധികച്ചെലവ് |
| 33 | 3-13 | ഒഴുക്കുനീറ്റിൽ തോട് ഡ്രഡ്ജ് ചെയ്ത് ഷട്ടർ സ്ഥാപിക്കൽ - ഡ്രഡ്ജിംഗ് വഴി ലഭിച്ച മണ്ണ് ലേലം ചെയ്തില്ല |
| 34 | 3-14 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്-കൃത്യമായ കണക്കുകളില്ല, വിനിയോഗ വിവരമില്ല, തുക തടസ്സപ്പെടുത്തുന്നു |
| | | |

| | | |
|---|---|---|
| 35 | 3-15 | ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു |
| 36 | 3-16 | ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 37 | 3-17 | വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല |
| 38 | 3-18 | പാലിയേറ്റീവ് കെയർ പദ്ധതി നിർവഹണത്തിലെ അപാകതകൾ |
| 39 | 3-19 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - 2,83,840/- രൂപ തടസ്സപ്പെടുത്തുന്നു |
| 40 | 3-20 | ബി ഫണ്ട് - അപേക്ഷാ വിതരണ രജിസ്റ്ററുകൾ കൃത്യമല്ല |
| 41 | 3-21 | മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല |
| 42 | 3-22 | ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല |
| 43 | 3-23 | റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി നഗരസഭ വാങ്ങിയ 20 ബാരൽ ടാർ 3 വർഷത്തോളമായിട്ടും വിതരണം ചെയ്തിട്ടില്ല |
| ഭാഗം – 4 | | |
| 44 | 4-1 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 45 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 46 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 47 | 4-4 | വായ്പ /വായ്പ തിരിച്ചടവ് |
| 48 | 4-5 | ഓഡിറ്റ് റിക്കവറി |
| 49 | 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| 50 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 51 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 52 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 53 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 54 | അനുബന്ധം.2 | |

# ഭാഗം -1
# പൊതു അവലോകനം

# 1-1 ബജറ്റ്

നഗരസഭയുടെ 2017-18 വർഷത്തെ ബജറ്റ് 27.03.17ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 596151131 | 543462000 |
| വാർഷിക കണക്ക് പ്രകാരം | 371619260 | 367437170 |

ബജറ്റ് രൂപീകരണം മാന്വൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചില്ല.

ബജറ്റ് പ്രകാരം വിഭാവനം ചെയ്ത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ലഭ്യമായ രേഖകൾ പ്രകാരം ബജറ്റ് രൂപീകരിക്കുന്നതിനായി വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ ഒരു യോഗം സെക്രട്ടറി വിളിച്ചുചേർക്കുകയോ, സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യകമ്മറ്റിക്ക് സമർപ്പിച്ചതായോ കാണുന്നില്ല. ശരിയായ നടപടിക്രമങ്ങളിലൂടെയല്ലാതെ ബജറ്റ് രൂപീകരിക്കുന്നതിനാലാണ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി വലിയ അന്തരം വന്നിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്ഥിരംസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 30.07.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി-ജിഎ.4-1405(2)/2018 തീയതി 01.10.2018 ആയി വാർഷിക കണക്കിലെ അപാകതകൾ പരിശോധിച്ച് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഓഡിറ്റ് സമയത്തും (2/19 ലും) പ്രസ്തുത റിപ്പോർട്ടിലെ എല്ലാ അപാകതകളും പരിഹരിച്ചിട്ടില്ല. സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 92505247.98 |
| വരവ് | 371619260 |
| ആകെ | 464124507.98 |
| ചെലവ് | 367437170 |
| നീക്കിയിരിപ്പ് | 96687337.98 |

## 1-5 ഫണ്ട് വിനിയോഗം.(എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | - | 64322000 | 64322000 | 59164660 | 5157340 |
| എസ്.സി.പി | - | 17263000 | 17263000 | 8923407 | 8339593 |

| | | | | | |
|---|---|---|---|---|---|
| ടി.എസ്.പി | - | - | - | - | - |
| സി.എഫ്. സി | - | 82090869 | 82090869 | 80549559 | 1541310 |
| കെ.എൽ.ജി.എസ്. ഡി.പി | - | 12610030 | 12610030 | 10934936 | 1675094 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 19499111 | 19499111 | 19386518 | 112593 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | - | 14008743 | 14008743 | 13562026 | 446717 |
| എയു ഇ ജി എസ് | 293734 | 5855 | 299589 | 14200 | 285389 |
| ബി.ഫണ്ട് | | 167880 | 167880 | 167880 | 0 |
| എസ്.ബി.റ്റി തനതുഫണ്ട്. | 11581595 | 30547070 | 42128665 | 41170308 | 958357 |
| സിൻഡിക്കേറ്റ് ബാങ്ക്. | 5542671 | 225055 | 5767726 | - | 5767726 |
| ട്രഷറി-റ്റിഎസ്ബി (ജനറൽപർപ്പസ്) | 12335523 | 37680259 | 50015782 | 47448403 | 2567379 |
| യൂണിയൻ ബാങ്ക് | 5094135 | 51715718 | 56809853 | 39455001 | 17354852 |
| എഡിസിബി | 89737 | 13366 | 103103 | 7497 | 95606 |
| പത്തിയൂർ കോപ്പറേറ്റീവ് ബാങ്ക് | 8037 | 325 | 8362 | - | 8362 |
| ട്രഷറി പി.എഫ്.എ | 56199 | 6048724 | 6104923 | 4664919 | 1440004 |
| പെൻഷൻ ഫണ്ട് (ട്രഷറി) | 120698 | 12372 | 133070 | - | 133070 |
| എസ്.ബി.ഐ (ക്ലീൻകേരള) | 1095017 | - | 1095017 | -- | 1095017 |
| ക്യാഷ് (തനത്ഫണ്ട്.) | 737513 | 1018236 | 1755749 | 737513 | 1018236 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 1861117 | 88346 | 1949463 | - | 1949463 |
| എസ്.എസ്.എ | 1186180 | 44048 | 1230228 | - | 1230228 |
| എസ്.ജി.എസ്.ആർ.വൈ. | 3105021 | 669744 | 3774765 | 4000 | 3770765 |
| കാനറാ ബാങ്ക്.(വാംബേ) | 73165 | 2813 | 75978 | - | 75978 |
| കാനറാ ബാങ്ക്.(nrhm) | 5370 | 391253 | 396623 | 390480 | 6143 |
| യൂണിയൻ ബാങ്ക് (പി.എം.എ.വൈ.) | 14844920 | 37141532 | 51986452 | 35005300 | 16981152 |
| കാനറാബാങ്ക്.(isui) | 3865970 | - | 3865970 | - | 3865970 |
| സിൻഡിക്കേറ്റ് ബാങ്ക് (dumping yard) | 28920146 | 1174273 | 30094419 | - | 30094419 |
| ഐ.സി.ഐ.സി.ഐ. (സ്വച്ഛഭാരത്) | 1688498 | 619844 | 2308342 | 85832 | 2222510 |
| എൻ.യു.എൽ.എം | - | 6176525 | 6176525 | 5866003 | 310522 |

| | | | | | |
|---|---|---|---|---|---|
| കാനറാബാങ്ക് (പെൻഷൻഫണ്ട്) | - | 4231188 | 4231188 | -- | 4231188 |
| യൂണിയൻ ബാങ്ക് (സ്പെഷ്യൽ) | - | 1300000 | 1300000 | 75000 | 1225000 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 418 | 331075484 | 253 | 192635985 | 38 | 127 | 61% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 293734 | 5855 | 299589 | 14200 | 285389 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | - | 14200 | 14200 | 14200 | - |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 167880 | 254 |
| കർഷകതൊഴിലാളി പെൻഷൻ | 2526500 | 235 |
| വിധവാ പെൻഷൻ | 24639200 | 2212 |
| വാർദ്ധക്യകാല പെൻഷൻ | 56010000 | 5343 |
| വികലാംഗ പെൻഷൻ | 8184700 | 801 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 545900 | 49 |
| ആകെ | 92074180 | 8894 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.02.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,44,336/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

1. വസ്തു നികുതി പരിഷ്കരണ സംബന്ധമായ സർക്കാർ ഉത്തരവിറങ്ങി വർഷങ്ങൾക്കുശേഷവും നഗരസഭയിൽ നികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. നഗരസഭയ്ക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്ന ഈ നടപടി അധികൃതരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി വിലയിരുത്തുന്നു.
2. നഗരസഭാ പ്രദേശത്തുള്ള വ്യാപാര/വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് നൽകൽ ചട്ടം (2011) പ്രാബല്യത്തിൽ വന്നതിനു ശേഷവും ഇതനുസരിച്ചുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലൈസൻസ് ഫീസിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാൻ നഗരസഭാ അധികൃതർ നടപടി സ്വീകരിക്കാത്തതു മൂലം നഗരസഭയ്ക്ക് വലിയ തുക ഈയിനത്തിൽ നഷ്ടമാകുന്നു. കൂടാതെ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
3. 2016- ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസിന്റെ അടിസ്ഥാനത്തിലുള്ള 29.04.16 ലെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിൽ നഗരസഭാ അധികൃതർ വീഴ്ച വരുത്തുന്നു.
4. മരാമത്തു വേലകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, അവയുടെ നിർവ്വഹണത്തിലും ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ച മൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടമുണ്ടാകുന്നുണ്ട്. സർക്കാർ/സാങ്കേതിക നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതു വഴി വൻതുകയുടെ അധികച്ചെലവ് പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.
5. വെള്ളക്കര കുടിശ്ശിക 8 കോടി രൂപയ്ക്കു മേലായിട്ടും, ഈ കുടിശ്ശിക ഒടുക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടികളൊന്നും അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല.
6. പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം ഒടുക്കു വരുത്തുന്നതിൽ അധികൃതർ വീഴ്ച വരുത്തുന്നു. ഇതുമൂലം പെൻഷൻ വിതരണത്തിനായി വലിയ തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതായി വരുന്നു.
7. നഗരസഭയുടെ അധീനതയിലുള്ള വാഹനങ്ങളുടെ ലോഗ് ബുക്കിന്റെ പരിപാലനത്തിൽ ശ്രദ്ധേയമായ അപാകതകൾ ഉള്ളതായും, ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിൽ വീഴ്ച വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
8. നഗരസഭയുടെ അധീനതയിലുള്ള ആസ്തികളെ സംബന്ധിച്ച ആസ്തി രജിസ്റ്റർ കാലികമാക്കി പരിപാലിച്ചിട്ടില്ല.

മുകളിൽ പ്രതിപാദിച്ച അപാകങ്ങൾ പരിഹരിക്കുന്നതിലേക്കാവശ്യമായ നടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.6.2016 മുതൽ 19.06.206 വരെ | 2013-14 | 22.08.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.05.2018 മുതൽ 16.06.2018 വരെ | 2017-18 | 07.08.2018 |

# ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നഗരസഭയിലെ വസ്തുനികുതി പരിഷ്ക്കരണം പുനർനിർണ്ണയം പൂർത്തിയാക്കി നികുതി പരിഷ്ക്കരിച്ചിട്ടില്ല

കായംകുളം നഗരസഭ നാളിതുവരെ വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടില്ല. പല വാർഡുകളിലെയും ഫോം 6 ഡാറ്റാഎൻട്രി പൂർണ്ണമാക്കി സഞ്ചയസോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (4/18.02.2019) മറുപടി ലഭ്യമാക്കിയില്ല. പരിഷ്കരണം സമയബന്ധിതമായി നടത്താതിരിക്കുന്നതു മൂലം വസ്തുനികുതി ഇനത്തിൽ വലിയ തുകയാണ് നഗരസഭയ്ക്ക് നഷ്ടമാകുന്നത്. അതിനാൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് വസ്തുനികുതി പുന:നിർണ്ണയം പൂർത്തിയാക്കേണ്ടതും ഈ വിവരങ്ങൾ സഞ്ചയസോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതുമാണ്.

## 2-2 തെറ്റായ അസസ്മെന്റ്, നികുതി ഈടാക്കിയതിൽ 6176/-രൂപ കുറവ്

നഗരസഭ വാർഡ് നം. 20-ൽ ശ്രീ. അബ്ദുൾ റഷീദ്, റോസ് മൻസിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 171.54 $m^2$തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് നൽകിയിരുന്നു. ഈ കെട്ടിടത്തിന് ബങ്കുകൾ/പെട്ടികടകൾ/ലോഡ്ജ് എന്ന വിഭാഗത്തിലുൾപ്പെടുത്തി ചതുരശ്രമീറ്ററിന് 50/-രൂപ നിരക്കിലാണ് നികുതി ഈടാക്കിയിട്ടുള്ളത്. പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്ര മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ/റസ്റ്റോറന്റുകൾ/ഷോപ്പുകൾ ഗോഡൗൺ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തി ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടിയിരുന്നത് ഇപ്രകാരം നികുതി ഈടാക്കാത്തിനാൽ 6176/- രൂപ കുറവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | തറവിസ്തീർണ്ണം | അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി യിൻമേലുള്ള വർദ്ധനവ് 20% (വഴിസൗകര്യം അടിസ്ഥാന ത്തിലുള്ള വർദ്ധനവ് ) | ആകെ നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|
| 357G | 171.54 | 13723 | 2744.64 | 16467.64 | 10292 | 6176 |

പ്രസ്തുത കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 മൊബൈൽടവ്വറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

**നഗരസഭാപരിധിയിലുള്ള മൊബൈൽ ടവ്വറുകളുടെ വിവരം ചുവടെ ചേർക്കുന്നു.**

| ടവ്വറുകളുടെ പേര് | വാർഡ് നം./കെട്ടിട നം. | ഉയരം |
|---|---|---|
| ഭാരതി എയർടെൽ ലിമിറ്റഡ് | IV | $27M^2$ |
| എ.റ്റി.സി. ടെലികോം, എസ്സാർ ഇൻഫ്രാസ്ട്രക്ച്ചർ | X | $30M^2$ |
| ഇൻഡസ് ടവ്വർ | XII | $50M^2$ |
| ഇൻഡസ് ടവ്വർ | XIV/448B | ലഭ്യമല്ല |

| | | |
|---|---|---|
| ഇൻഡസ് ടവ്വർ | XIV/47P | $27M^2$ |
| ഇൻഡസ് ടവ്വർ | XXIII | ലഭ്യമല്ല |
| റിലയൻസ് | XXVI | $15m^2$ |
| ഇൻഡസ് ടവ്വർ | XXVII | $50m^2$ |
| വയർലെസ് ഇൻഫോ ടവ്വർ | XXIX | $50m^2$ |
| റിലയൻസ്. | XXII | $50m^2$ |
| ഇൻഡസ് ടവ്വർ | XXXII | $21.21m^2$ |

മേൽ സൂചിപ്പിച്ച മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി കുടിശ്ശിക ഉൾപ്പെടെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.6/18.02.19 നുള്ള മറുപടിയിലാണ് വിശദാംശങ്ങൾ ഹാജരാക്കിയത്.

# 2-4 തൊഴിൽനികുതിയിനത്തിൽ വൻ വരുമാനനഷ്ടം

**1. തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല**

നഗരസഭാ പ്രദേശത്ത് സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ചട്ടം 3(2) -3(11) പ്രകാരം 1250 രൂപ നിരക്കിൽ അർദ്ധ വാർഷിക നികുതി ഈടാക്കാവുന്നതാണ്. എന്നാൽ നഗരസഭ ഈ തുക ഡിമാന്റ് ചെയ്യുന്നില്ല. ഉദാ:-നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന എൺപതോളം അഭിഭാഷകരുടെ പേര് 32-ാം വാർഡിലെ തൊഴിൽനികുതി -ഹാൻഡ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ അവരുടെ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

**2.ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

തൊഴിൽ നികുതി ഈടാക്കേണ്ട എല്ലാ തൊഴിലാളികളുടെയും സ്ഥാപനങ്ങളുടെയും അർദ്ധവാർഷികവരുമാനം ഉറപ്പാക്കി കൃത്യമായ ഡിമാന്റ് കണക്കാക്കി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈയിനത്തിലുള്ള എല്ലാ തുകയും ഡിമാന്റ് ചെയ്തിട്ടുണ്ടോയെന്നും ഈടാക്കിയിട്ടുണ്ടോയെന്നും ഉറപ്പാക്കാനായിട്ടില്ല. ധനകാര്യ സ്ഥിരംസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

**3.ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിൽ വീഴ്ച**

തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കുന്നതായി കാണുന്നില്ല. ഈ വിവരം ചൂണ്ടിക്കാണിച്ച്, തൊഴിൽനികുതി നിലവിൽ ഈടാക്കിയിട്ടുണ്ടെങ്കിൽ ബോദ്ധ്യപ്പെടുത്തണമെന്ന് നിർദ്ദേശിച്ച് ഓഡിറ്റ് അന്വേഷണം നല്കിയതിന് (40/25.02.2019) മറുപടി നല്കിയതുമില്ല. നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ഈ വിവരം കൃത്യമായി രജിസ്റ്ററിൽ പോസ്റ്റു ചെയ്യുന്നതിനും, നികുതി കുടിശ്ശികയുള്ള പക്ഷം ഇവ പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് റവന്യൂ വിഭാഗം മേധാവിയുടേയും, ധനകാര്യസ്ഥിരംസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | പഞ്ചമി കാഷ്യൂ ഫാക്ടറി | 1 & 2 |
| 2. | ഇൻഫിനിറ്റ് മോട്ടോഴ്സ് മഹീന്ദ്ര ടൂവീലർ ഏജൻസി | 1 & 2 |
| 3. | ചക്കാലശ്ശേരിൽ കാഷ്യൂ ഫാക്ടറി | 1 & 2 |
| 4. | | |

| | | |
|---|---|---|
| | കൃഷ്ണപുരം ദേവസ്വം | 1 & 2 |
| 5. | ആശിർവാദ് മൈക്രോ ഫിനാൻസ് | 2 |
| 6. | സിൻഡിക്കേറ്റ് ബാങ്ക് | 2 |
| 7. | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് | 2 |
| 8. | ഇന്ത്യ ഇൻഫോ ലൈൻ ഫിനാൻസ് | 1 & 2 |
| 9. | കണ്ണാട്ട് ഫൈനാൻസിയേഴ്സ് | 1 & 2 |
| 10. | കായംകുളം കയർ വ്യവസായ സഹകരണസംഘം LTD -406 | 1 & 2 |
| 11. | ഹോമിയോ ഡിസ്പെൻസറി | 2 |
| 12. | ഓറിയന്റൽ ഇൻഷ്വറൻസ് എം.എസ്.എം. ജംഗ്ഷൻ | 2 |
| 13. | മിനി മുത്തൂറ്റ് നിധി | 1 & 2 |
| 14. | മുത്തൂറ്റ് മൈക്രോ ഫിൻ ബ്രാഞ്ച് - 2 | 1 & 2 |
| 15. | മുത്തൂറ്റ് മൈക്രോ ഫിൻ ബ്രാഞ്ച് -3 | 2 |
| 16. | മാവേലി സ്റ്റോർ ,കെ.പി.റോഡ് | 1 & 2 |
| 17. | ഐ.കെ.എം. സ്റ്റാഫ് , കായംകുളം നഗരസഭ | 2 |
| 18. | കേരള വാട്ടർ അതോറിറ്റി | 2 |
| 19. | തോപ്പിൽ നഴ്സിംഗ് ഹോം | 2 |
| 20. | ഫൈൻ ടെക് കോർപ്പറേഷൻ | 2 |
| 21. | പോളോ ഭാരത് ഗ്യാസ് ഏജൻസി | 1 & 2 |
| 22. | കായംകുളം വില്ലേജ് സഹകരണ സംഘം, പെരിങ്ങാല | 1 & 2 |
| 23. | കൊയ്പള്ളിക്കാരായ്മ ഹൈസ്കൂൾ, ഓലകെട്ടിയമ്പലം | 1 & 2 |
| 24. | ഇ.എസ്.ഐ. കോർപ്പറേഷൻ | 2 |
| 25. | ഗവ.എൽ.പി.എസ്., പുള്ളിക്കണക്ക് | 1 & 2 |
| 26. | നവജ്യോതി സെക്യൂരിറ്റി ഏജൻസീസ് | 2 |
| 27. | കൊശമറ്റം , ലിങ്ക് റോഡ് | 1 |
| 28. | പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസ് | 1 & 2 |
| 29. | കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 1 |
| 30. | പ്രൈമറി ഹെൽത്ത് സെന്റർ | 1 & 2 |
| 31. | സിറ്റി ഹോസ്പിറ്റൽ | 2 |
| 32. | മാതാ ഹോസ്പിറ്റൽ | 1 |
| 33. | ബീവറേജസ് കോർപ്പറേഷൻ 4025 ,മേനത്തേരി | 2 |
| 34. | എച്ച്.ഡി.എഫ്.സി. | 2 |

| | | |
|---|---|---|
| 35. | ലാംസി സൂപ്പർ മാർക്കറ്റ് | 1 & 2 |
| 36. | ഡോ.ആർ. ശങ്കർ മെമ്മോറിയൽ എസ്.എൻ.ഹോസ്പിറ്റൽ | 2 |
| 37. | ഫിനോമിനൽ ഹെൽത്ത് കെയർ ( മലയാളിസ് ) | 1 & 2 |
| 38. | കെയർ ഫെസിലിറ്റീസ് മാനേജ്മെന്റ് സർവ്വീസ്(P) LTD | 1 & 2 |
| 39. | ചോളമണ്ടലം ഇൻവെസ്റ്റ്മെന്റ് | 2 |
| 40. | ചോളമണ്ടലം ബിസിനസ് സർവ്വീസ് | 2 |
| 41. | ചേരാവള്ളി എൽ.പി.എസ്. | 2 |
| 42. | മണപ്പുറം ഫിനാൻസ് ,ഒ.എൻ.കെ.ജംഗ്ഷൻ | 2 |
| 43. | പി.കെ.കെ.എസ്.എം. ഗവ. ആയുർവേദ ആശുപത്രി | 2 |
| 44. | പൈപ്പ്സ് & റൂഫ്സ് | 2 |
| 45. | ഐ.സി.ഐ.സി. ബാങ്ക് | 2 |
| 46. | കൊശമറ്റം ലിങ്ക് റോഡ് | 2 |
| 47. | റ്റീം ലീസ് | 2 |
| 48. | എഞ്ചിനീയേഴ്സ് ട്രയിനിംഗ് സെന്റർ | 2 |
| 49. | ജി.ഡി.എം. ഗോൾഡ് | 1 |
| 50. | എൻ.യു.എൽ.എം. നഗരസഭ | 1 |
| 51. | ആഭരണമഹാൾ ഗോൾഡ് & ഡയമണ്ട് | 1 |
| 52. | ബയോടെക് ലാബ് & സ്കാൻ | 1 |
| 53. | ആൽഫ ട്രേഡിംഗ് കമ്പിനി | 1 |
| 54. | ചിത്ര ഹോസ്പിറ്റൽ | 1 |
| 55. | എസ്.എൻ. കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി | 1 |
| 56. | എച്ച് ഡി.എഫ്.സി. ഫിനാൻഷ്യൽ സർവ്വീസ് | ഏത് അർദ്ധവർഷത്തെ നികുതിയാണ് അടച്ചതെന്ന് വ്യക്തമല്ല |
| 57. | മേരി ലാൻഡ് ഹോട്ടൽ | 1 |
| 58. | മണി മുത്തൂറ്റ് നിധി | 1 |
| 59. | എസ്.എസ്.ഹ്യുണ്ടായി | 1 &2 |
| 60. | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബാങ്കിംഗ് സ്റ്റഡീസ് | 1 |

## 2-5 കുത്തക ലേലം -കുടിശ്ശിക തുക ഈടാക്കിയിട്ടില്ല.

കായംകുളം നഗരസഭയുടെ 2017-18 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നഗരസഭാ പരിധിയിലുള്ള ചുവടെ കൊടുത്തിരിക്കുന്നവയുടെ ലേലം നടത്തിയതിൽ ലേലത്തുക

പൂർണ്ണമായി ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ലേലം ഏറ്റെടുത്ത വ്യക്തി | ലേലത്തുക | ഒടുക്കിയ തുക/ രസീത് നം.തീയതി | കുടിശ്ശിക |
|---|---|---|---|---|
| മുനിസിപ്പൽ ബസ് സ്റ്റാന്റിലെ കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ് | അബ്ദുൾഖാദർ, ചിറയിൽ, കായംകുളം | 36000/- | 22000/-11601119271/ 27.02.2017 | 14000/- |

കുടിശ്ശിക തുക ഈടാക്കാത്തത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/ 18.02.2019) ന് ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചു. എന്നാൽ ലേലം ഏറ്റെടുത്ത മേൽ വ്യക്തിയുമായി കരാർ ചമയ്ക്കാതെയാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. കുടിശ്ശിക വരുത്തിയ തുക പിഴപ്പലിശയും സർവ്വീസ് ടാക്സും സഹിതം ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

# 2-6 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കുന്നില്ല

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലെക്സ്/കെട്ടിടങ്ങളിലെ താഴെപ്പറയുന്ന മുറികളുടെ വാടകയിൽ കുടിശ്ശിക ഉള്ളതായി കാണുന്നു.

**1) എൽ.എസ്.ജി.ഡി.കോംപ്ലക്സ്**

| കടഉടമയുടെ പേര് | കടമുറി നം. | വാടക | അടവാക്കിയത് | അടയ്ക്കാനുള്ളത് |
|---|---|---|---|---|
| | 4 | 2395x12=28740 | 23950 | 4790 |

**2) അബ്ദുൾഖാദർ സ്മാരക ഷോപ്പിംഗ് കോംപ്ലക്സ്**

| കടഉടമയുടെ പേര് | കടമുറി നം. | വാടക | അടവാക്കിയത് | അടയ്ക്കാനുള്ളത് |
|---|---|---|---|---|
| അജിത് കുമാർ, മണക്കാട്ട് | 1 | 1865x12=22380 | 5595 | 16785 |
| വിജി,മണക്കാട്ട് | 2 | 2480x12=29760 | Nil | 29760 |
| കെ.കെ.രഘുനാഥൻ, സോപാനം | 3 | 2700x12=32400 | Nil | 32400 |

**3) <u>അറബി പറമ്പ് ഷോപ്പിംഗ് കോംപ്ലക്സ്</u>**

| കടഉടമയുടെ പേര് | കടമുറി നം. | വാടക | അടവാക്കിയത് | അടയ്ക്കാനുള്ളത് |
|---|---|---|---|---|
| താജുദ്ദീൻ | 1 | 1395x12=16740 | Nil | 16740 |

**4) <u>കശാപ്പ്ശാലാ സ്റ്റാൾ</u>**

| കടഉടമയുടെ പേര് | കടമുറി നം. | വാടക | അടവാക്കിയത് | അടയ്ക്കാനുള്ളത് |
|---|---|---|---|---|
| കുഞ്ഞുമോൾ,കൊച്ച് കൈതോലിൽ, | 1 | 2400x12=28800 | - | 28800 |
| അഷറഫ്,കൈതോലിൽ | 9 | 1725x12=20700 | Nil | 20700 |
| ഇബ്രാഹിംകുട്ടി, കോട്ടേപ്പറമ്പിൽ | 10 | 1420x12=17040 | Nil | 17040 |
| നിസാറുദ്ദീൻ,തോണ്ടപ്പുറത്ത് | 12 | 1685x12=20220 | Nil | 20220 |
| ആകെ | | | | 86760 |

കുടിശ്ശിക ഒടുക്കിയിട്ടില്ലാത്ത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിനായി സ്വീകരിച്ച തുടർനടപടികൾ, കടമുറികളിൽ നിന്നും വാങ്ങിയിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയുടെ വിശദാംശങ്ങൾ, വാടക കരാറുകൾ പുതുക്കുന്നതിന്റെ വിശദാംശങ്ങൾ, എന്നിവ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം (5/18.02.2019) നൽകിയതിന് തുക അടയ്ക്കുവാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുള്ളതായി മറുപടി നൽകി. കുടിശ്ശിക തുക ആനുപാതികമായ സർവ്വീസ് ചാർജ്ജ്, പിഴ പലിശ എന്നിവ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-7 വ്യാപാരസ്ഥാപനങ്ങൾക്ക് ലൈസൻസ് - ചട്ടം പാലിക്കപ്പെടുന്നില്ല

കേരള മുനിസിപ്പാലിറ്റി (അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 2011 ലെ വ്യവസ്ഥകൾ പാലിച്ച് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ നഗരസഭ ഗുരുതരമായ ഉദാസീനത കാണിക്കുന്നു.

മുനിസിപ്പാലിറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ അപകടകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ ചട്ടം 2011 ൽ പ്രസിദ്ധീകരിച്ചു. ടി ചട്ടത്തിൽ ലൈസൻസ് ഫീസിന്റെ കുറഞ്ഞ നിരക്ക് കണക്കാക്കിയിട്ടുണ്ട്. ഈ കുറഞ്ഞ നിരക്കിന് വിധേയമായി, നഗരസഭാപരിസരത്ത് നടക്കുന്ന വ്യാപാരത്തിന്റെ സ്വഭാവം, തോത്, മുതൽമുടക്ക്, വ്യാപാരസ്ഥാപനം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പ്രാധാന്യം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ നഗരസഭാ സ്ഥാപനവും ലൈസൻസ് നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം പ്രസിദ്ധീകരിക്കണമെന്ന് ടി ചട്ടം റൂൾ 7 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള വിജ്ഞാപനം നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല. ടി ചട്ടം പ്രസിദ്ധീകരിച്ച് ഇപ്പോൾ 8 വർഷം കഴിഞ്ഞിരിക്കുന്നു. ടി ചട്ടത്തിന്റെ പ്രാബല്യത്തീയതി 02/2012 മുതൽ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ നീട്ടി നല്കിയിരുന്നത് 30.04.2017 ൽ അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ 01.05.2017 മുതൽ ടി ചട്ടം പ്രാബല്യത്തിലായിട്ടുമുണ്ട്. എന്നാൽ നാളിതുവരെയും ടി ചട്ടപ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ച് ലൈസൻസ് ഫീസ് ഇനത്തിൽ വരുമാനം വർദ്ധിപ്പിക്കാനുമുള്ള ഒരു ശ്രമവും നഗരസഭ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ 01.05.2017 മുതൽ പുതുക്കിയ നിരക്കിലാണ് ഫീസ്

ഈടാക്കുന്നതെന്ന് വിശദീകരിച്ചു. എന്നാൽ 01.05.2017 ന് ശേഷവും നഗരസഭ ടി ചട്ടത്തിലെ കുറഞ്ഞ നിരക്ക് പോലും ഈടാക്കിയിട്ടില്ല. ടി ചട്ടം പാലിച്ച് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലുള്ള ഉദാസീനതയാണ് ഇവിടെ വ്യക്തമാകുന്നത്.

ടി ചട്ടം പ്രസിദ്ധീകരിച്ചിട്ട് 8 വർഷവും, പ്രാബല്യത്തിലായിട്ട് 2 വർഷവും കഴിഞ്ഞിട്ടും നഗരസഭ ടി വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല എന്നു മാത്രമല്ല, ടി ചട്ടപ്രകാരമുള്ള കുറഞ്ഞ ഫീസ് പോലും ഈടാക്കാതെയിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി ചട്ടത്തിൽ പരാമർശിക്കുന്ന കുറഞ്ഞ നിരക്ക് പോലും 2017-18 ലും 2018-19 ലും ഈടാക്കിയിട്ടില്ല. 2019-20 ലേക്കുള്ള ലൈസൻസ് പുതുക്കൽ നടക്കുന്ന സമയത്താണ് ഓഡിറ്റ് നടന്നത്. അപ്പോൾ ചട്ടപ്രകാരമുള്ള നിരക്കാണ് ഈടാക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരിക്കുകയുണ്ടായി. എന്നാൽ അപ്പോഴും നഗരസഭാപരിധിയിലെ നിരക്കുകൾ നിശ്ചയിച്ചില്ല എന്നത് ഗുരുതരമായ ചട്ടലംഘനം തന്നെയാണ്. ഇത് നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം മനഃപൂർവ്വം തടഞ്ഞ് വയ്ക്കലായി കണക്കാക്കാം. മാത്രമല്ല, ലൈസൻസ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്ക് പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ മുൻപ് പ്രസിദ്ധീകരിച്ച ബൈലോയുടെ അടിസ്ഥാനത്തിലാണ് ഫീസ് നിശ്ചയിച്ചിരുന്നത്. വളരെ പഴയതും കാലികമാക്കി സൂക്ഷിക്കാത്തതുമായ ബൈലോ പ്രകാരം ഇപ്പോൾ നഗരസഭാ പരിസരത്ത് പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങൾക്കും ലൈസൻസ് ആവശ്യമില്ല. ആകയാൽ ചട്ടത്തിലെ വ്യവസ്ഥകൾ മനസ്സിലാക്കി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചട്ടത്തിൽ നിഷ്കർഷിക്കുന്ന രീതിയിൽ ലൈസൻസ് ഫീസ് നിരക്ക് നിശ്ചയിച്ച് നഗരസഭയുടെ വരുമാനവർദ്ധനവിന് വേണ്ടി പ്രവർത്തിക്കാതിരിക്കുന്നത് ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ ചട്ടലംഘനമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആകയാൽ ഈ വിഷയത്തിൽ സത്വര തുടർനടപടി സ്വീകരിക്കുവാൻ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**ലൈസൻസ് അപേക്ഷകൾ അപൂർണ്ണമാണ്**

ലൈസൻസിന് വേണ്ടി ലഭിച്ച അപേക്ഷകൾ നമ്പരിട്ട് ക്രമത്തിൽ അടുക്കി ഫയൽ ചെയ്യുന്ന രീതി നഗരസഭയിലില്ല. ക്രമരഹിതമായി സൂക്ഷിച്ചിരിക്കുന്നതിനാൽ അപേക്ഷകളും രജിസ്റ്ററും ഒത്തുനോക്കാനാകാത്ത സ്ഥിതിയുണ്ട്. അപേക്ഷിക്കുന്ന സ്ഥാപനം നിയമപരമായി പാലിക്കേണ്ട നിരാക്ഷേപപത്രങ്ങൾ, മറ്റു രേഖകൾ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കുന്നില്ല. അതുകൊണ്ട് തന്നെ പ്രസ്തുത രേഖകൾ പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് വിലയിരുത്തുന്നു.

**ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു**

2018-19 – ൽ 2373 സ്ഥാപനങ്ങൾക്ക് നഗരസഭ ലൈസൻസ് നല്കിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിക്കുന്നു. എന്നാൽ നഗരസഭാ പ്രദേശത്ത് ലൈസൻസില്ലാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് പ്രസ്തുത മറുപടിയിൽ നിന്നും വ്യക്തമാകുന്നു. 2017-18-ൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെയും ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളെപ്പറ്റിയും അധികൃതർക്ക് വിശദീകരിക്കാനായില്ല. 2018-19 ൽ ഇത്തരം 353 സ്ഥാപനങ്ങൾക്ക് നോട്ടീസ് നല്കി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പിഴയിനത്തിൽ 881265/- രൂപ നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ടെന്നും ഓഡിറ്റ് അന്വേഷണത്തിന് ലഭിച്ച മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

**സ്ഥാപനങ്ങളുടെ വാർഡ് തിരിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല**

ഓരോ വാർഡിലെയും ലൈസൻസ് അനുവദിക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. അതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല.

**ലൈസൻസ് - സഞ്ചയ സോഫ്റ്റ് വെയറിൽ വിവരങ്ങൾ ഉൾപ്പെടുത്തിയില്ല**

2016-17 - ൽ 454 ഉം 2017-18 – ൽ 786 ഉം ലൈസൻസ് ആപ്ലിക്കേഷന്റെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വെരിഫൈ ചെയ്തിട്ടുണ്ട് എന്നാൽ approve ചെയ്തിട്ടില്ല. വെരിഫൈ ചെയ്തിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനത്തിന്റെയും പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. Verified list പരിശോധിച്ചതിൽ ആദ്യത്തെ 100 അപേക്ഷയിൽ 20 എണ്ണത്തിന് സ്ഥാപനത്തിന്റെ പേരും വിലാസവും രേഖപ്പെടുത്തിയിട്ടില്ല. വ്യാപാരം നടക്കുന്ന കെട്ടിടത്തിന്റെ നമ്പരും ഉൾപ്പെടുത്തിയിട്ടില്ല. ഇപ്രകാരം അപൂർണ്ണമായ രീതിയിലാണ് സഞ്ചയയിൽ ഡേറ്റാ എൻട്രി നടന്നിട്ടുള്ളത്. 2018-19 – ൽ 655 ആപ്ലിക്കേഷന്റെ വിവരങ്ങൾ ഡേറ്റാ എൻട്രി ചെയ്തിട്ടുണ്ടെങ്കിലും പരിശോധിച്ച് കൃത്യത ഉറപ്പാക്കിയിട്ടില്ല (verify ചെയ്തിട്ടില്ല).

## 2-8 പ്ലാസ്റ്റിക് പരിപാലനച്ചട്ടം പാലിക്കുന്നില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് 24-09-2016-ൽ 576/ ഡി.സി.1/16 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും ഇപ്രകാരം വില്പനസാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്നതിന് വ്യാപാരികളും തെരുവുകച്ചവടക്കാരും നഗരസഭയിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ പ്രകാരം ഒരുമാസം കുറഞ്ഞത് 4000/-രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഒടുക്കി നഗരസഭയിൽ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിര വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭ ഇപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് വരവ് വർദ്ധിപ്പിക്കുന്നതിന് ശ്രമിച്ചിട്ടില്ല. അടിയന്തിരനടപടികൾ സ്വീകരിച്ച് പ്ലാസ്റ്റിക് പരിപാലനച്ചട്ടം പാലിച്ചുകൊണ്ട് നഗരസഭയുടെ വരുമാനവർദ്ധനവ് സാധ്യമാക്കേണ്ടതാണ്. വിഷയം ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പ്ലാസ്റ്റിക്ക് നിരോധനം സംബന്ധിച്ച സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.14/ 22.02.19 ന് നല്കിയ മറുപടിയിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിപണനം നടത്തുന്നത് നിരോധിച്ചിട്ടുണ്ടെന്നും നിരോധനം ലംഘിക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്നുണ്ടെന്നും അറിയിച്ചു. എന്നാൽ പ്ലാസ്റ്റിക് പരിപാലനച്ചട്ടം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അറിയിച്ചു.

## 2-9 ദേശീയ വഴിയോരക്കച്ചവടനിയമം പ്രാബല്യത്തിലായില്ല

ദേശീയ വഴിയോരക്കച്ചവടനിയമം **2014** ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് **2019** - ൽ ചട്ടം, പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചട്ടം പ്രസിദ്ധീകരിക്കുന്നതിന് മുൻപെ തന്നെ നിയമപ്രകാരം പ്രകാരമുള്ള നടപടികൾ നഗരസഭയിൽ ആരംഭിച്ചിരുന്നു. **24.09.2017** ൽ ടൗൺ വെന്റിംഗ് കമ്മിറ്റി രൂപീകരിക്കുകയും തെരുവുകച്ചവക്കാർക്ക് ഐഡന്റിറ്റി കാർഡ് നല്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ നഗരസഭാപരിസരത്തെ വെന്റിംങ് സോൺ നിശ്ചയിച്ച് തെരുവുകച്ചവടക്കാരുടെ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഒന്നും നടപ്പായിട്ടില്ല. അടിയന്തിരമായി വെന്റിംഗ് സോൺ നിശ്ചയിക്കേണ്ടതും ഫീസ് ഈടാക്കി വെന്റിംഗ് രജിസ്ട്രേഷൻ ഉറപ്പാക്കേണ്ടതുമാണ്. അപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കിയാൽ മാത്രമേ തെരുവുകച്ചവടനിയമം പ്രാബല്യത്തിലാകുകയുള്ളൂ.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ

# അക്ഷന്തവ്യമായ പാളിച്ചകൾ - വിവിധ പ്രവൃത്തികൾക്കായി അധികം പിൻവലിച്ച 3,62,315രൂപ ഓഡിറ്റ് കണ്ടെത്തലിനെ തുടർന്ന് തിരിച്ചടച്ചു - ഓഡിറ്റ് ഇംപാക്ട്

നഗരസഭ തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അക്ഷന്തവ്യമായ അപാകതകൾ ഉണ്ടായതായി പരിശോധനയിൽ കണ്ടെത്തി. നടപ്പാക്കിയ 90 ശതമാനത്തിനുമേൽ പ്രവൃത്തികളും ഒറിജിനൽ എസ്റ്റിമേറ്റിന് അനുസൃതമായി നടത്താതെ നിർവ്വഹണ ഘട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിക്കേണ്ടതായി വന്നു. സൈറ്റ് പരിശോധന നടത്താതെയും, സൈറ്റിലെ അവസ്ഥകൾക്ക് അനുസൃതമല്ലാതെയും എസ്റ്റിമേറ്റ് തയ്യാറാക്കിയതാണ് ഈ അവസ്ഥക്കു കാരണമായത്. ഇപ്രകാരം നടപ്പാക്കിയ പ്രവൃത്തികൾക്കാകട്ടെ സർക്കാർ/സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതിരുന്നതുമൂലം കരാറുകാർക്ക്/ കൺവീനർമാർക്ക് അധിക തുക നൽകാൻ ഇടവന്നു. വിവിധ പ്രവൃത്തികളിൽ ഉൾപ്പെടുത്തി ഇപ്രകാരം അധികം പിൻവലിച്ച 3,62,315/-രൂപ ഓഡിറ്റ് കണ്ടെത്തലിനെതുടർന്ന് തിരിച്ചടച്ച് രസീത് ഹാജരാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**(എ) <u>പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണം - കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് അവഗണിച്ച് എസ്റ്റിമേറ്റ് നിരക്കിൽ മൂല്യനിർണ്ണയം നടത്തുകവഴി 89,837/-രൂപയുടെ അധികച്ചെലവ്</u>**

പബ്ലിക് ടോയ്‌ലറ്റ് നിർമ്മാണത്തിനായി തയ്യാറാക്കി 8.5ലക്ഷം രൂപ സാങ്കേതികാനുമതിയുള്ള പ്രോജക്ടിന്റെ നിർവ്വഹണം (നം.333/17) ഇ-ടെൻഡർ മുഖേന ശ്രീ.കെ.നാസർ എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു. (എഗ്രിമെന്റ് നം. 37/17.06.17). ഐറ്റം റേറ്റ് ക്വോട്ട് ചെയ്ത ടെൻഡറിൽ 708742.9/-രൂപ ആകെ നിരക്ക് രേഖപ്പെടുത്തിയാണ് ടിയാൻ വർക്ക് ഏറ്റെടുത്തത് (10.07% കുറവ്). 42 ഇനങ്ങളുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ 13 ഇനങ്ങൾ ഒഴിവാക്കിയും, പുതുതായി 4 ഇനങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ടും എസ്റ്റിമേറ്റ് 10 ലക്ഷം രൂപയായി പുതുക്കിയിരുന്നു. 26.12.17-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 912046/-രൂപ മൂല്യനിർണ്ണയം നടത്തി നികുതികൾ കുറച്ച് ശേഷിച്ച 884686/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നം. 78/29.12.17). പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തിയുടെ നിർവ്വഹണം കരാറുകാരനെ ഏൽപ്പിച്ചശേഷം 8.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 10 ലക്ഷം രൂപയായി പുതുക്കിയെങ്കിലും ഇപ്രകാരം എസ്റ്റിമേറ്റ് പുതുക്കുന്നതിന് കൗൺസിലിന്റെ അനുമതി ലഭിച്ചതായി രേഖയില്ല.
2. പ്രവൃത്തിയുടേതായി ഹാജരാക്കിയ അളവുപുസ്തകത്തിൽ (നം.43/17-18) ചെയ്ത വേലകളുടെ അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓരോ ഇനം പ്രവൃത്തിയുടേയും നിരക്കിന് അനുസൃതമായി മൂല്യം തിട്ടപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ചെയ്ത പ്രവൃത്തികളുടെ മൂല്യം തിട്ടപ്പെടുത്താതെ ആകെ മൂല്യം കണ്ടെത്തിയതും, ഫൈനൽ ബിൽ തയ്യാറാക്കിയതും എപ്രകാരമെന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.
3. കരാറുകാരൻ സമർപ്പിച്ചിരുന്ന ടെൻഡറിൽ ഓരോ ഇനം പ്രവൃത്തിക്കും രേഖപ്പെടുത്തിയിരുന്ന നിരക്ക് പരിഗണിക്കാതെ എസ്റ്റിമേറ്റിലെ നിരക്കനുസരിച്ചാണ് ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകിയത്. കരാറുകാരൻ ക്വാട്ട് ചെയ്തിരുന്ന നിരക്ക് പ്രകാരം 8,22,209/-രൂപ മാത്രമായിരുന്നു ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം. എന്നാൽ എസ്റ്റിമേറ്റ് നിരക്കനുസരിച്ച് 9,12,046/-രൂപയായി മൂല്യം നിർണ്ണയിക്കുകവഴി 89,837/-രൂപ അധികം പിൻവലിക്കാൻ ഇടയായി.

ഈ അപാകതകളിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.18/22.02.19) അധികം പിൻവലിച്ച 89,837/-രൂപ നഗരസഭയിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി. (രസീത് നം. 11801012O948/25.02.19) തുക സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**(ബി) <u>കുഴിയിലേത്ത് റോഡ് കോൺക്രീറ്റിംഗ് - പ്രവൃത്തിയുടെ മൂല്യത്തിന് അനുസൃതമല്ലാതെ കരാറുകാരന് ബിൽ തുക നൽകുകവഴി 31922/-രൂപയുടെ അധികച്ചെലവ്</u>**

നഗരസഭയുടെ 12-ാം വാർഡിലെ "കുഴിയിലേത്ത് റോഡ് കോൺക്രീറ്റ് & ഗുരുമന്ദിരം-കരിപ്പുഴ തോട് റോഡിൽ ഓട നിർമ്മാണം" എന്ന പ്രവൃത്തിക്കായി 2016-17 വർഷം തയ്യാറാക്കി അംഗീകാരം വാങ്ങിയ 229000/-രൂപ അടങ്കലുള്ള പ്രോജക്ടിന്റെ നിർവ്വഹണം (നം.280/17) 222571.70/-രൂപയ്ക്ക് ശ്രീ.ഹുസൈൻ അഹമ്മദ് എന്ന കരാറുകാരനെ ഏൽപ്പിച്ചിരുന്നു (എഗ്രിമെന്റ് നം. 17/24.12.16). 06.02.17-ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 192764/-രൂപയായി നിർണ്ണയിച്ച് നികുതികൾ ഇനത്തിൽ 11567/-രൂപയും, റിട്ടെൻഷൻ ഇനത്തിൽ 4819/-രൂപയും കുറവ് ചെയ്ത് ശേഷിച്ച 176378/-രൂപ കരാറുകാരന് പിൻവലിച്ചു നൽകിയിട്ടുണ്ട്. (ബിൽ നം. 26/28.02.17). 10 ഇനങ്ങളുണ്ടായിരുന്ന എസ്റ്റിമേറ്റിന്റെ അനുബന്ധം "എ"-യിലെ 3-ാം നമ്പർ പ്രകാരമുള്ള പ്രവൃത്തിയും, അനുബന്ധം "ബി"-യിലെ 2-ാം ക്രമനമ്പർ പ്രകാരമുള്ള പ്രവൃത്തിയും കരാറുകാരൻ നിർവ്വഹിച്ചിട്ടില്ലെന്ന് രേഖപ്പെടുത്തി 21.02.18-ൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ പ്രവൃത്തി ചെക്ക് മെഷർ ചെയ്യുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വർക്കിന്റെ ആകെ മൂല്യം 160842/-രൂപയായി പുതുക്കി നിശ്ചയിച്ച് ഫൈനൽ ബിൽ തയ്യാറാക്കുകയും ചെയ്തു. (അളവു പുസ്തക നം. 30/16-17). എന്നാൽ പാർട്ട് ബിൽ പ്രകാരം 192764/-രൂപ പിൻവലിച്ചിരിക്കെ പുതുക്കിയ മൂല്യനിർണ്ണയമനുസരിച്ച് കരാറുകാരന് അധികം നൽകിയ തുക തിരികെ ഈടാക്കിയില്ല. കൂടാതെ റിട്ടെൻഷൻ തുക 14.05.2018-ൽ ടിയാൻ പിൻവലിച്ചു നൽകുകയും ചെയ്തു. പ്രവൃത്തിയുടെ മൂല്യത്തിൽ അധികരിച്ച് 31,922/-രൂപ

(192764-160842) പിൻവലിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 19/22.02.19) നൽകിയതിനെ തുടർന്ന് 31,922/-രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (നം.118010120955/25.02.19) ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**(സി) മണ്ണേൽ - മണറ്റേൽ റോഡ് ടാറിംഗ് - പി.എം.സി-യിൽ നിജപ്പെടുത്താതെ കരാറുകാരന് അധികം തുക പിൻവലിച്ച നൽകി**

പ്രോജക്ട് നം. 233/17

എസ്റ്റിമേറ്റ് - 917000/-

കരാറുകാരൻ - ശ്രീ.മുഹമ്മദ് താഹ

രേഖപ്പെടുത്തിയ നിരക്ക് (PAC) – 881460.10/-

എഗ്രിമെന്റ് നമ്പർ/തീയതി - 29/28.12.16

അളവുപുസ്തക നമ്പർ - 132/17-18

13.02.18 ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ആകെ മൂല്യം 2331800/-രൂപ എന്ന് തെറ്റായി നിർണ്ണയിക്കുകയും ആയത് 913047/-രൂപയായി നിജപ്പെടുത്തി 27,390/-രൂപ നികുതികൾ, ഫൈൻ എന്നീ ഇനങ്ങളിൽ കുറവുചെയ്ത ശേഷം 8,85,652/-രൂപ കരാറുകാരന് അനുവദിച്ചു (ബിൽ നം. 42/31.03.18). 917000/-രൂപ മാത്രം അടങ്കലുള്ള പ്രവൃത്തിയുടെ മൂല്യം 23,31,800/-രൂപ എന്ന് തെറ്റായി നിർണ്ണയിച്ചതിൻമേലും PACയിൽ നിജപ്പെടുത്താതെ 31587/-രൂപ അധികം പിൻവലിച്ചതിൻമേലും (913047-881460) വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 22/22.02.19) നൽകിയതിനെ തുടർന്ന് അധികം പിൻവലിച്ച 31587/-രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010121068/25.02.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

**(ഡി) റയിൽവേ ടെർമിനൽ ബസ് സ്റ്റാന്റിലെ വിശ്രമസ്ഥല നവീകരണം - ടെൻഡർ കുറവു വരുത്താതെ കരാറുകാരന് ബിൽ തുക നൽകി**

പ്രോജക്ട് നം. 337/17

എസ്റ്റിമേറ്റ് - 2,00,000

കരാറുകാരൻ - ശ്രീ.ആർ.വിജയൻ

എഗ്രിമെന്റ് നമ്പർ/തീയതി - 33/13.06.17

രേഖപ്പെടുത്തിയ നിരക്ക് (PAC) – 169287.77 (7.13% കുറവ്)

അളവുപുസ്തക നമ്പർ - 74/17-18

22.12.2017-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ ആകെ മൂല്യം 198829.38/-രൂപയായി നിശ്ചയിക്കുകയും നികുതികൾ, ഫൈൻ എന്നീ ഇനങ്ങളിൽ 7102/-രൂപ കുറവുചെയ്ത് ശേഷിച്ച 191727/-രൂപ കരാറുകാരന് നൽകി. 8 ഇനങ്ങളുണ്ടായിരുന്ന ഈ പ്രവൃത്തിയുടെ ക്രമ നമ്പർ 5 പ്രകാരമുള്ള ഇനം ഒഴിച്ച് ശേഷിച്ച പ്രവൃത്തികൾ ഒഴിവാക്കിയും, '7' അധിക ഇനങ്ങൾ ഉൾപ്പെടുത്തിയും പ്രവൃത്തി നടപ്പാക്കിയതായാണ് രേഖ. ഒറിജിനൽ എസ്റ്റിമേറ്റിലെ നടപ്പാക്കിയ ഇനത്തിന് കരാറുകാരൻ രേഖപ്പെടുത്തിയ നിരക്ക് 7328.9/എം$^3$ ആയിരുന്നുവെങ്കിലും ആയതു പരിഗണിക്കാതെ എസ്റ്റിമേറ്റ് പ്രകാരമുള്ള 8652.71/എം$^3$ എന്ന നിരക്കനുസരിച്ചാണ് മൂല്യനിർണ്ണയം നടത്തിയത്. കൂടാതെ നടപ്പാക്കിയ '7' അധിക ഇനങ്ങൾക്ക് ടെൻഡർ കുറവ് പ്രാബല്യത്തിൽ വരുത്താതെ

എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ തുകയും അനുവദിക്കുകയും ചെയ്തു. മേൽ നടപടിമൂലം അധികച്ചെലവായ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | അനുവദിച്ചത് | അനുവദനീയം | അധികം |
|---|---|---|---|
| ഒറിജിനൽ എസ്റ്റിമേറ്റിന്റെ ക്രമ നം.5 (0.27എം$^{3}$) | 0.27x8652.71 = 2336.23 | 0.27x7328.9 = 1978.8 | 357.43 |
| അധിക ഇനങ്ങൾ (7 എണ്ണം) | 196493.15 | 182483 | 14010.15 |
| ആകെ അധികം | | | 14367.58 |

ടെൻഡർ കുറവ് പരിഗണിക്കാതെ കരാറുകാരന് അധികം തുക നൽകിയതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം.21/22.02.19) നൽകിയതിനെ തുടർന്ന് അധികം നൽകിയ 14367/-രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി. (രസീത് നം.118010121067/25.02.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### (ഇ) കായംകുളം മുനിസിപ്പാലിറ്റി ആയുർവ്വേദാശുപത്രി കെട്ടിടം അറ്റകുറ്റപ്പണി - കരാറുകാരൻ രേഖപ്പെടുത്തിയ തുകയിൽ അധികരിച്ച് ട്രഷറിയിൽ നിന്നും പണം പിൻവലിച്ചു

പ്രോജക്റ്റ് നം. - 159/17

എസ്റ്റിമേറ്റ് - 215000/-

കരാറുകാരൻ - ശ്രീ.ഇ.എം.അഷറഫ്

എഗ്രിമെന്റ് നമ്പർ - 46/25.01.17

രേഖപ്പെടുത്തിയ നിരക്ക് (പി.എ.സി) - 194304/-

അളവുപുസ്തക നമ്പർ - 79/17-18

29.12.17ൽ പൂർത്തീകരിച്ച ഈ വർക്കിന്റെ ആകെ മൂല്യം 207706/-രൂപയായി നിശ്ചയിക്കുകയും നികുതികൾ ഇനത്തിൽ 4445/-രൂപ കുറവുചെയ്തു ശേഷിച്ച 2,03,261/-രൂപ കരാറുകാരന് നൽകിയതായുമാണ് രേഖ. (ബിൽ നം. 111/ 26.02.18). ഈ പ്രവൃത്തിക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, കൗൺസിൽ അനുമതി തേടുകയോ, കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കുകയോ ചെയ്തിട്ടില്ല. ഇതിലേക്ക് കരാറുകാരൻ അംഗീകരിച്ച തുക 194304/-രൂപ ആയിരിക്കെ ആയതുപരിഗണിക്കാതെ 207706/-രൂപ പിൻവലിച്ചതുവഴി 13402/-രൂപയുടെ അധികച്ചെലവുണ്ടായതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് 13402/-രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010120928/25.02.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### (എഫ്) ഡംപിങ് യാർഡ് വെസ്റ്റ് സൈഡ് റോഡ് കോൺക്രീറ്റിംഗ് - സാങ്കേതിക നിർദ്ദേശങ്ങൾ അവഗണിച്ചതുവഴി അധികച്ചെലവ്

പ്രോജക്റ്റ് നം. - 236/17

എസ്റ്റിമേറ്റ് - 391000/-

കൺവീനർ - ശ്രീ.സന്തോ

എഗ്രിമെന്റ് നമ്പർ - 49/7.7.17

അളവുപുസ്തക നമ്പർ - 123/17-18

ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ഈ പ്രവൃത്തി 21.03.2018-ൽ പൂർത്തീകരിച്ച് ആയതിന് 334704.13/-രൂപ മൂല്യനിർണ്ണയം നടത്തുകയും, ഇതിനോടൊപ്പം KCWWF ഇനത്തിൽ (1%) 3347/-രൂപ കൂടി കൂട്ടി ആകെ മൂല്യം 338051/-രൂപയായി നിശ്ചയിച്ച് അതിൽ നിന്നും താഴെപ്പറയും പ്രകാരം കുറവുകൾ വരുത്തി കൺവീനർക്ക് തുക നൽകി (ബിൽ നം. 137/27.03.18).

| | |
|---|---|
| ആകെ മൂല്യം | 338051 |
| (-) IT | 3381 |
| (-) KCWWF | 3381 |
| (-) Late for execution | 3909 |
| കൺവീനർക്ക് നൽകിയ തുക | 327380 |

എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയ വർക്കുകളുടെ നികുതി ബാദ്ധ്യത കൺവീനർക്ക് ആയതിനാൽ വർക്കിന്റെ മൂല്യത്തിനൊപ്പം KCWWF ഇനത്തിൽ തുക കൂട്ടിയ നടപടി ക്രമപ്രകാരമല്ല. കൂടാതെ വാറ്റ് ഇനത്തിൽ കൺവീനറിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ലാത്തതിനാൽ ചീഫ് എൻജിനീയറുടെ 16.03.18-ലെ DB3-9058/17/CE/LSGD നമ്പർ ഉത്തരവ് പ്രകാരം ഫൈനൽ ബിൽ തുകയിൽ നിന്നും 7.5% കുറവ് വരുത്തിയാണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. ഇതനുസരിച്ച് അധികം പിൻവലിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| KCWWF ഇനത്തിൽ അധികം പൻവലിച്ച തുക | 3347 |
| 7.5% OH ഇനത്തിൽ ഫൈനൽ ബില്ലിൽ നിന്നും കുറക്കേണ്ടിയിരുന്ന തുക<br>334704x7.5% | 25103 |
| ആകെ അധികം പിൻവലിച്ച തുക | 28450 |

സാങ്കേതിക മാർഗ്ഗനിർദ്ദേശങ്ങൾ അവഗണിച്ച് അധികം തുക പിൻവലിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നം.35/28.02.19) അധികം പിൻവലിച്ച 28450/-രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010122099/2.3.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**(ജി) <u>ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ വർക്കുകളിൽ 2.5% ഓവർഹെഡ് ചാർജ്ജ് കുറക്കാതെ ബിൽ തുക നൽകുക വഴി അധികച്ചെലവ്</u>**

2017-18ൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതും എസ്റ്റിമേറ്റിൽ ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയിരുന്നതുമായ താഴെപ്പറയുന്ന വർക്കുകളുടെ ഫൈനൽ ബില്ലിൽ നിന്നും 2.5% കുറക്കാതെ കൺവീനർമാർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട്.

| | | | | | | | |
|---|---|---|---|---|---|---|---|

| ക്രമ നം. | വർക്കിന്റെ പേരും പ്രോജക്ട് നമ്പരും | കൺവീനറുടെ പേര് | എസ്റ്റിമേറ്റ് നം./ തീയതി | മൂല്യ നിർണ്ണയ തുക | OH ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക | അളവു പുസ്തക നം. | ബിൽ നം./ തീയതി |
|---|---|---|---|---|---|---|---|
| 1 | ഒറ്റ തെങ്ങിൽ റോസ്-റയാൻ ക്ലിനിക്കിന്റെ വടക്കുവശം കിഴക്കോട്ട് റോഡ് കോൺക്രീറ്റ് 317/17 | ആർ.ബാബു | 16/29.4.17 | 99380 | 2485 | 75/17-18 | 87/29.12.17 |
| 2 | അച്ചേരിൽ നൈനാരേത്ത് റോഡ് കോൺക്രീറ്റിംഗ് 174/17 | അനിമോൻ | 28/7.6.17 | 260383 | 6510 | 40/17-18 | 73/29.12.17 |
| 3 | പാലാക്കര ഓട നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും 310/17 | റസീന | 8/19.4.17 | 100000 | 2500 | 77/17-18 | 79/29.12.17 |
| 4 | പുത്തൻ കണ്ടത്തിൽ നടപ്പാത നിർമ്മാണം 315/17 | കൃഷ്ണൻകുട്ടി | 64/18.7.17 | 99320 | 2483 | 65/17-18 | 80/29.12.17 |
| 5 | കദീശപ്പള്ളി-ഇഞ്ചക്കൽ-ബി.എസ്.എൻ.എൽ-റോഡ് മെയിന്റനൻസ് 303/17 | യോഹന്നാൻ | 14/28.4.17 | 192202 | 4805 | 2/17-18 | 56/24.11.17 & 113/28.2.18 |
| 6 | വിഠോബ ക്ഷേത്രത്തിന് കിഴക്കുവശം - പോക്കാട്ടുപറമ്പ് ഓടയും കവറിംഗ് സ്ലാബും 331/17 | കെ.ശക്തിദാസ് | 35/30.6.17 | 90536 | 2263 | 66/17-18 | 81/29.12.17 |
| 7 | വിഠോബ ക്ഷേത്രത്തിന് തെക്കുവശം റോഡ് കോൺക്രീറ്റിംഗ് | രാജഗോപാൽ റാവു | 44/1.7.17 | 99035 | 2476 | 78/17-18 | 76/29.12.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | 328/17 | | | | | | |
| 8 | വിവിധ നടപ്പാതകൾ കോൺക്രീറ്റ് ചെയ്യൽ വാർഡ് -35 | ശ്രീമതി.സുജ ഉണ്ണി | | 295346 | 7384. | 48/17-18 | 248/12.01.18 |
| 9 | ഫയർ സ്റ്റേഷന് പടിഞ്ഞാറുവശം താഴത്തങ്ങാടി റോഡ്-കോൺക്രീറ്റിംഗ് വാർഡ്-37 | ശ്രീമതി.സുമി സുനീർ | | 351228 | 8781 | 109/17-18 | 194&82/12.01.18 |
| | ആകെ | | | | 39687 | | |

സാങ്കേതിക മാർഗ്ഗനിർദ്ദേശം അവഗണിച്ച് അധിക തുക പിൻവലിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് (നം.34/28.02.19) അധികം പിൻവലിച്ച 39687രൂപ തിരിച്ചടച്ച് രസീത് ഹാജരാക്കി. (രസീത് നം. 11801012142O/26.02.19, 118010122101, 118010122102, 118010122099/2.3.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

(എച്ച്) <u>അങ്കമാലിക്കൽ കോളനി ഓടയും, റോഡ് ടാറിംഗും - വോയ്ഡ് കുറക്കാതിരിക്കുകവഴി അധികച്ചെലവ്</u>

പ്രോജക്ട് നമ്പർ - 45/17

കൺവീനർ - ശ്രീ.വി.ദിവാകരൻ

എസ്റ്റിമേറ്റ് - 5,35,000/-

എഗ്രിമെന്റ് നമ്പർ - 273/18.09.15

അളവു പുസ്തക നമ്പർ - 9/16-17

20.05.2017ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിക്ക് 497806/-രൂപ മൂല്യം നിർണ്ണയിച്ച് കൺവീനർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ 397260/12.7.17). 2014-ലെ DSR പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ ഒന്നാം ഇനമായി 53m ന് 22.4എം.എം. സൈസിലുള്ള 41.06എം$^3$ മെറ്റൽ കൺവീനർ സപ്ലൈ ചെയ്യുകയും, ആവശ്യം 40.95എം$^3$ എന്ന് രേഖപ്പെടുത്തി 1715.55/എം$^3$ നിരക്കിൽ കൺവീനർക്ക് 70251.77/-രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. CPWDസ്പെസിഫിക്കേഷൻ പ്രകാരം 7.5% വോയ്ഡ് കുറച്ച് ഈ ഇനത്തിൽ അനുവദിക്കേണ്ടിയിരുന്ന തുക ചുവടെ ചേർക്കുന്നു.

41.06x7.5% = 3.08എം$^3$

അനുവദിക്കേണ്ടിയിരുന്ന തുക = 41.06-3.08

= 37.98x1715.55 = <u>65156.59</u>

അധികം അനുവദിച്ച തുക = 70251.77-65156.59= <u>5095/-</u>

കൺവീനർക്ക് ക്രമപ്രകാരമല്ലാതെ അധികം തുക അനുവദിച്ചതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയതിനെ തുടർന്ന് (നമ്പർ 25/23.2.19) അധികം നൽകിയ തുക തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010120929/25.02.19).

ഐ). <u>ഓൾഡ് ഫയർസ്റ്റേഷൻ ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം - ടെൻഡർ കുറവു വരുത്താതിരുന്നതുമൂലം അധികച്ചെലവ്</u>

പ്രോജക്ട് നം. - 319/18

എസ്റ്റിമേറ്റ് - **700000**

കരാറുകാരൻ - ശ്രീ.ഷഹിൻഷ

രേഖപ്പെടുത്തിയ നിരക്ക് (PAC) –649243

അളവുപുസ്തക നമ്പർ - 129/17-18

ബിൽ നം. - 12357/27.03.18

ഓൾഡ് ഫയർസ്റ്റേഷൻ ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണത്തിനായി തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഒറിജിനൽ എസ്റ്റിമേറ്റിൽ നിന്നും 9 ഇനങ്ങൾ ഒഴിവാക്കി എക്സ്ട്രാ ഇനമായി മറ്റ് 3 ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ എക്സ്ട്രാ ഇനമായി ചേർത്ത പ്രവർത്തികൾക്ക് എഗ്രീഡ് പി.എ.സി ക്ക് ആനുപാതികമായ ടെന്റർ കുറവ് (7.2%) വരുത്താതിരുന്നതുമൂലം 18446/- രൂപ അധികം നൽകിയിട്ടുണ്ട്. PACയിൽ നിജപ്പെടുത്താതെ 18446/-രൂപ അധികം പിൻവലിച്ചതിൻമേൽ (649243-630797) വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 28/22.02.19) നൽകിയതിനെ തുടർന്ന് അധികം പിൻവലിച്ച 18446 രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010120942/25.02.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

### ജെ). കുടശ്ശേരിൽ റോഡ്, ചിത്തിനാട്ട് റോഡ് ടാറിംഗ് - സാങ്കേതിക നിർദ്ദേശങ്ങൾ അവഗണിച്ചതുമൂലംഅധികച്ചെലവ്

പ്രോജ.നം. -237/18

എം.ബുക്ക് നം. - 98/17-18 ; പുറം. 16

കുടശ്ശേരിൽ റോഡ്, ചിത്തിനാട്ട് റോഡ് ടാറിംഗ് എന്ന പ്രവർത്തിയുടെ Wet mix macadam (ഇനം 1 ന്) ഇനത്തിന് 7.5 സെ.മീ. കനത്തിൽ ചെയ്യുന്നതിന് പകരം 10 സെ.മീ. കനം നൽകിയാണ് പ്രവൃത്തി ചെയ്തിട്ടുള്ളത് (120 നീളം 2.7 വീതിയിൽ 10 സെ.മീ. കനത്തിൽ) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റിൽ Wet mix macadam എന്ന ഇനത്തിന് കനം 10 cm എന്ന് തിരുത്തൽ വരുത്തിയിട്ടുണ്ടെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. ഇപ്രകാരം എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പ്രവർത്തി നടത്തിയതുമൂലം താഴെപ്പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട്.

നൽകിയത് 120x2.7x0.10 = 32.4@ 3423.66 = 110926.58

നൽകാവുന്നത് 120x2.7x0.075= 24.3@ 3423.66 = 83194.94

അധികം 27732

ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 28/22.02.19) നൽകിയതിനെ തുടർന്ന് അധികം പിൻവലിച്ച 27732/- രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 118010122100/0.03.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

### കെ). പി.എ.സി-യിൽ നിജപ്പെടുത്താതെ കരാറുകാരന് തുക നൽകിയതുമൂലം അധികച്ചെലവ്

പ്രോജക്ട് നം. - 242 /18

പി.എ.സി. - 1149491

ബിൽ നം. - 9796&9797/25.01.18

കോൺട്രാക്ടർ - അബ്ദുൾ ലത്തീഫ്

എം.ബുക്ക് നം. - 62/1-18

പാട്ടത്ത് മുറി കിഴക്കതിൽ റോഡ്, വിട്ടോബ ക്ഷേത്രത്തിന് ചുറ്റുമുള്ള റോഡുകൾ എന്നിവയുടെ പുനരുദ്ധാരണം, എന്ന പ്രവർത്തിയുടെ Appendix 3(1) പ്രകാരം 61.2$m^2$ കോൺക്രീറ്റ് ടൈൽ പാകൽ എന്ന ഇനത്തിന് 896.43$m^2$ രൂപ നിരക്ക് ക്വോട്ട് ചെയ്തിരുന്ന പ്രവൃത്തി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി നടത്താത്ത സാഹചര്യത്തിൽ പി.എ.സി.യിൽ നിജപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് പകരം ചെയ്ത പ്രവർത്തിക്കാനുപാതിക മായി മൂല്യനിർണ്ണയം നടത്തിയ തുക (1146775) നൽകുകവഴി 5214/- രൂപയുടെ അധികച്ചെലവുണ്ടായതിൻമേൽ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 36/24.02.19) നൽകിയതിനെ തുടർന്ന് അധികം പിൻവലിച്ച 52146/- രൂപ നഗരസഭാ ഫണ്ടിൽ തിരിച്ചടച്ച് രസീത് ഹാജരാക്കി (രസീത് നം. 11801012I420/26.02.19). ഈ തുക സർക്കാരിന്റെ ബന്ധപ്പെട്ട ഹെഡ്ഡിൽ തിരിച്ചടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

# 3-2 വെള്ളക്കരം - ഒടുക്കിയ തുക കുറവ് ചെയ്തില്ല, എട്ട് കോടിയിലധികം രൂപ കുടിശ്ശിക

ഫയൽ പരിശോധിച്ചതിൽ, 04/2008 മുതൽ 07/14 വരെയുണ്ടായിരുന്ന 2,31,99,845/- രൂപയുടെ കുടിശ്ശികയിൽ ഒറ്റത്തവണ തീർപ്പാക്കൽ വഴി 61,65,972/- രൂപ എഴുതിത്തള്ളുകയും ബാക്കിയുള്ള 1,70,33,873/- രൂപ 31.10.14-ന് മുൻപ് ഒടുക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. കുടിശ്ശിക തുക മൂന്ന് തവണകളായി അടക്കുന്നതിനും വാട്ടർ അതോറിറ്റി (02.12.14 -ൽ ) അവസരം നൽകിയിരുന്നു. എന്നാൽ ഇതിന് ശേഷം നഗരസഭ വാട്ടർ അതോറിറ്റിയിൽ തുക (പ്രോജക്ട് നം.372/17 -50,00,000/-) ഒടുക്കിയത് 03/2017 – ൽ മാത്രമാണ്. പ്രതിമാസം വെള്ളക്കരം അടക്കാത്ത തിനാൽ കുടിശ്ശികയും പിഴപ്പലിശയും ഉൾപ്പെടെ ഒടുക്കുവാനുള്ള തുക 4,62,87,496/- രൂപ ആയി (04/2017 – ലെ ബിൽ) വർദ്ധിച്ചു. മുൻവർഷങ്ങളിലും ഇപ്പോഴും കോടിക്കണക്കിന് രൂപ ചെലവഴിക്കാതെ ലാപ്സാക്കി കളഞ്ഞിരുന്നു എന്നത് കൂടി പ്രസ്താവ്യമാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി മുഖേന ഒടുക്കിയ തുകയുടെ വിശദാംശം ആവശ്യപ്പെട്ട് 29.04.17 – ൽ വാട്ടർ അതോറിറ്റി നഗരസഭയ്ക്ക് നൽകിയ കത്തിന് മറുപടി നൽകിയത് 16.06.17 – ലാണ്. എന്നാൽ തുടർന്ന് നൽകിയ ബില്ലുകളിലും പ്രസ്തുത തുക (50,00,000/-) കുറവ് വരുത്താതെയാണ് (06/17-ലെ കുടിശ്ശിക ആയ 4,89,82,699/- രൂപയാണ് 07/17-ലെ മുൻബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നത്) തുടർന്നുള്ള മാസങ്ങളിലും ബില്ല് നൽകിയത്. ഡിമാന്റ് നോട്ടീസിലെ അപാകത പരിഹരിക്കാനാവശ്യപ്പെട്ട് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിൽ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/23.02.19) 06/17 ന് ശേഷം വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടില്ല എന്നാണറിയിച്ചത് (അടച്ച തുക കുറവ് ചെയ്യാനായി ഒരു നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല എന്ന മറുപടി ഈ വിഷയത്തിൽ നഗരസഭ പുലർത്തുന്ന ഉദാസീനത വ്യക്തമാക്കുന്നു.

2. വാട്ടർഅതോറിറ്റിയുടെ ഡിമാന്റ് നോട്ടീസുകളിൽ ടാപ്പുകളുടെ എണ്ണത്തിൽ വ്യത്യാസം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| മാസം | എണ്ണം |
|---|---|
| 04/2017 മുതൽ 06/2017 | 649 |
| 07/2017 | 666 |
| 08/2017 മുതൽ 04/2018 വരെ<br>(05/2018 ലെ ബില്ല് ഫയലിൽ കണ്ടില്ല) | 686 |
| 05/2018 മുതൽ 01/2019 വരെ. | 730 |

ഡിമാന്റ് നോട്ടീസുകളിൽ ടാപ്പുകളുടെ എണ്ണത്തിൽ തുടർച്ചയായി വ്യത്യാസം രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടപ്പോൾ, ഏറ്റവും ഒടുവിൽ സംയുക്ത പരിശോധന നടത്തിയ തീയതി, ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം വാട്ടർ അതോറിറ്റി അധികൃതരെ അറിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/23.02.19) സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി നൽകി. ടാപ്പുകളുടെ എണ്ണത്തിലെ വ്യത്യാസം വാട്ടർ അതോറിറ്റിയെ അറിയിച്ചത് സംബന്ധിച്ചുള്ള വിശദാംശങ്ങളും നൽകിയില്ല.

3. പ്രതിമാസം ഡിമാന്റ് ചെയ്യുന്ന വെള്ളക്കരം നഗരസഭ ഒടുക്കുന്നില്ല. അടച്ച തുക കുറവ് ചെയ്യാത്തതിനാലും കുടിശ്ശിക സംബന്ധിച്ച് വ്യക്തത ഇല്ലാത്തതിനാലും ടാപ്പുകളുടെ എണ്ണത്തിൽ കൃത്യത ഇല്ലാത്തതുമാണ് പ്രതിമാസ തുക ഒടുക്കാത്തതിന്റെ കാരണമായി അറിയിച്ചത്.

മേൽപറഞ്ഞ കാര്യങ്ങൾ പരിഹരിച്ചാൽ മാത്രമേ കുടിശ്ശികയിൽ കൃത്യത ലഭിക്കുകയുള്ളൂ എന്നത് ശരിയായ വസ്തുതയാണ്. എന്നാൽ കേവലം ഓഫീസ് നോട്ടുകൾക്കുപരിയായി ഇവ പരിഹരിച്ച് ലഭിക്കുന്നതിനായുള്ള ക്രിയാത്മക ഇടപെടലുകൾ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നില്ല എന്നതാണ് ഫയലിൽ നിന്നും വ്യക്തമാകുന്നത്.

4. വെള്ളക്കരം അടവിന്റെ വിവരങ്ങൾക്കായി നഗരസഭയിൽ രജിസ്റ്ററുകളൊന്നും സൂക്ഷിക്കുന്നില്ല. 2018-19 വർഷം സോഴ്സിൽ നിന്നും തുക കുറവ് വരുത്തിയിട്ടുമുണ്ട്. ഒടുക്കിയ തുക കുറവ് ചെയ്യാതെയും ടാപ്പുകളുടെ എണ്ണത്തിൽ തുടരെ വ്യത്യാസം വരുത്തിയും ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ അടക്കുന്ന തുകയുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ സൂക്ഷിക്കാത്ത നഗരസഭയുടെ നടപടി തികച്ചും ക്രമപ്രകാരമല്ല. ഹാജരാക്കിയ ഫയലിലെ രേഖകളും ക്രമത്തിലല്ല സൂക്ഷിച്ചിട്ടുള്ളത്. ഡിമാന്റ് നോട്ടീസുകൾ ശരിയായ ക്രമത്തിലല്ല സൂക്ഷിക്കുന്നത്. രജിസ്റ്ററിന്റെ അഭാവവും ഫയലുകളുടെ ക്രമമില്ലായ്മയും കാരണം സെക്ഷനിൽ പുതുതായി ചുമതലയേൽക്കുന്നവർക്ക് മുൻപുള്ള കാര്യങ്ങളുടെ തുടർച്ച ലഭിക്കുന്നില്ല. അതും നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകുന്നതിന് കാരണമാകുന്നു.

ഒടുക്കിയ അൻപത് ലക്ഷം രൂപ യഥാസമയം കുറവ് ചെയ്യാതിരുന്നതിനാലും പ്രതിമാസം തുക ഒടുക്കാതിരുന്നതിനാലും കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റിയുടെ കണക്ക് പ്രകാരം ഭീമമായ തുകയാണ് നഗരസഭ ഒടുക്കുവാനുള്ളത്. 2017-18 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 6,10,67,572/- രൂപയാണ് (02/18 ലെ ബിൽപ്രകാരം, 03/18 ലെ ബിൽ ഫയലിൽ ലഭ്യമല്ല.) കുടിശ്ശിക. 15.01.19 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം പിഴപ്പലിശ ഉൾപ്പെടെ ഒടുക്കുവാനുള്ള തുക 8,13,66,330/- രൂപയായി വർദ്ധിച്ചു.

ആയതിനാൽ ആവശ്യമായ രേഖകൾ സഹിതം വാട്ടർ അതോറിറ്റി അധികൃതരെ സമീപിച്ച് നഗരസഭ ഒടുക്കിയ തുക, അനുസൃതമായുള്ള പിഴപ്പലിശ എന്നിവ കുറവ് ചെയ്യുന്നതിനും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമാക്കുന്നതിനും അപാകതകൾ പരിഹരിച്ച് ഡിമാന്റ് നോട്ടീസുകൾ ലഭിക്കുന്നതിനും പ്രതിമാസ വെള്ളക്കരം അടക്കുന്നതിനും അനുയോജ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഡിമാന്റ് നോട്ടീസുകളിൽ ടാപ്പുകളുടെ എണ്ണത്തിൽ വ്യതിയാനം വരുത്തിയതിലും വാട്ടർ അതോറിറ്റിയെ സമീപിച്ച് വ്യക്തത വരുത്തണം. അത് കാരണം വെള്ളക്കരമിനത്തിൽ അധിക തുക ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്യുന്നതിനും ആവശ്യമായ നടപടികളുണ്ടാവണം. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 വികസന ഫണ്ട് പിൻവലിച്ച് പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് ചെയ്തു- ക്രമവിരുദ്ധമായ നടപടി

നഗരസഭയിൽ നിർവ്വഹിച്ച ഗാർഹിക കുടിവെള്ള കണക്ഷൻ (നം.356/18), ഡമ്പിംഗ് ഗ്രൗണ്ടിന് സമീപത്തുള്ള വീടുകൾക്ക് കുടിവെള്ള കണക്ഷൻ (നം.358/18) എന്നീ പ്രോജക്ടുകളിൽ യഥാക്രമം 11 ലക്ഷം, 2 ലക്ഷം രൂപാ വീതം (ബിൽ നം.19/17.8.17& ബിൽ നം.23/16.9.17 പ്രകാരം പിൻവലിച്ച്) വാട്ടർ അതോറിറ്റിയിലേക്ക് നിക്ഷേപിക്കുകയും

വാട്ടർഅതോറിറ്റി, ഇപ്രകാരം ഗുണഭോക്തൃവിഹിതം ഈടാക്കി നേരിട്ട് സബ്സിഡി നല്കുന്ന പ്രോജക്ടുകൾ ചെയ്യാറില്ലെന്ന് അറിയിച്ച് തുക 6.1.18-ൽ ചെക്ക് പ്രകാരം, നഗരസഭയിൽ തിരിച്ചടച്ചതിനെ തുടർന്ന്, 20.1.18-ൽ ഇതിനായി പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിച്ച് (യൂണിയൻബാങ്ക് കായംകുളം ശാഖ, അക്കൗണ്ട് നം.553602010011535) തുക അതിൽ നിക്ഷേപിക്കുകയും ഗുണഭോക്താക്കൾ വാട്ടർ അതോറിറ്റിയിൽ നിന്ന് കണക്ഷൻ എടുക്കുന്നതിന്റെ മുറയ്ക്ക് 5000/-രൂപ വീതം സബ്സിഡി നല്കുകയും ചെയ്തു. പ്രോജക്ടിൽ അവശേഷിച്ച തുക 575000/-, പലിശ സഹിതം 600751/- രൂപ, 11.2.19-ൽ ബന്ധപ്പെട്ട ഹെഡിൽ ട്രഷറിയിൽ തിരിച്ചടച്ചിട്ടുണ്ടെന്ന് കാണുന്നു. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു:

1.ചെലവ് മുൻകൂട്ടി കണ്ടുകൊണ്ട് വികസന ഫണ്ട് പിൻവലിച്ച് പ്രത്യേക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവ് നടത്തിയത് വികസനഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ നടപടിയാണ്.

2.പ്രോജക്ടുകളിൽ ആകെ 260 പേർക്ക് ആനുകൂല്യം നല്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ആകെ 145പേർക്ക് മാത്രം ആനുകൂല്യം നല്കാനാണ് സാധിച്ചിട്ടുള്ളത്.

3.പ്രോജക്ട് ആസൂത്രണ ഘട്ടത്തിൽ തന്നെ വാട്ടർ അതോറിറ്റിയിൽ ബന്ധപ്പെട്ട് വ്യക്തത വരുത്താതെ വന്നത് മൂലം പ്രോജക്ട് ആരംഭിച്ചതിലും നിർവ്വഹണത്തിലും കാലതാമസം വന്നിട്ടുണ്ട്.

4.ഗാർഹിക കുടിവെള്ള കണക്ഷന് വേണ്ടി പ്രത്യേകമായി രണ്ട് പ്രോജക്ടുകൾ തയ്യാറാക്കിയെങ്കിലും രണ്ടും ഒരു പ്രോജക്ടായി തന്നെ നിർവ്വഹിക്കുകയാണ് ഉണ്ടായത്.

5.ഗാർഹിക കുടിവെള്ള കണക്ഷൻ നല്കിയത് മൂലം പ്രസ്തുത മേഖലകളിലെ പൊതുടാപ്പുകൾ നിർത്തലാക്കാവുന്നതാണെങ്കിലും ആയതിനുള്ള നടപടികൾ സ്വീകരിക്കപ്പെട്ടിട്ടില്ല.

പ്രോജക്ടുകളുടെ ആവിഷ്കരണത്തിലും നിർവ്വഹണത്തിലും കൂടുതൽ സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. അപാകത ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 വികസനഫണ്ടിൽ നിന്നും 17 ലക്ഷത്തോളം രൂപ പിൻവലിച്ച് ആശ്രയ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

പ്രോജക്ട് നമ്പർ 3, 389 എന്നിവ പ്രകാരം യഥാക്രമം 679250/- രൂപയും (ബിൽ നം. 4/14.07.2017), 10,00,000 രൂപയും (ബിൽ നം.64/30.12.2017) വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ആശ്രയ പ്രോജക്ടിന് വേണ്ടിയുള്ള പ്രത്യേക അക്കൗണ്ടിലേക്ക് നല്കിയിരുന്നു. ടി തുക എന്ത് ആവശ്യത്തിനായി നല്കിയതാണെന്നും പ്രസ്തുത ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ബോദ്ധ്യപ്പെടുത്തേണ്ടതാണെന്ന് അറിയിച്ചതിന് (ഓഡിറ്റ് അന്വേഷണം നം. 17/22.02.2019) ലഭിച്ച മറുപടിയിൽ അതിജീവനാവശ്യങ്ങൾക്കായാണ് ടി തുക വകയിരുത്തിയതെന്നും നിലവിൽ അഗതിരഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനാൽ അതിനുവേണ്ടി തുക ചെലവഴിക്കുന്നതാണെന്നും വിശദീകരിച്ചു.

വികസനഫണ്ടിൽ നിന്നും ആവശ്യമില്ലാതെ ഇത്രയും കൂടുതൽ തുക പിൻവലിച്ച് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് തെറ്റായ നടപടിയാണ്. അടിയന്തിരമായി ചെലവഴിക്കാത്തപക്ഷം ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതും ആവശ്യാനുസരണം മാത്രം പണം പിൻവലിക്കേണ്ടതുമാണ്.

## 3-5 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കുന്നില്ല, തനതുഫണ്ടിന് അധികചെലവ്

1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ് )ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം രൂപീകൃതമായ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് നഗരസഭയിലെ ജീവനക്കാരുടെ മൊത്ത ശമ്പളത്തിന്റെ

15% വീതം പ്രതിമാസം ഒടുക്കേ വരുത്തേണ്ടതാണ്. പെൻഷൻ കോൺട്രിബ്യൂഷൻ ഫയൽ (ജി2-3946/93-vol.11) പരിശോധിച്ചതിൽ 2007 മുതൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വിഹിതം അടക്കാനുണ്ട്.

ഓഡിറ്റ് വർഷം റഗുലർ വിഭാഗത്തിലെ 57 പേരും കണ്ടിജന്റ് വിഭാഗത്തിലെ 41 പേരും ഇവിടെ നിന്നും പെൻഷൻ കൈപ്പറ്റുന്നു. 2014 ന് (13ലക്ഷം രൂപ) ശേഷം പെൻഷൻ അലോട്ട്മെന്റ് ലഭിച്ചത് 03/2018ലാണ്. 31.03.17 വരെ നഗരസഭയ്ക്ക് അനുവദിക്കേണ്ടിയിരുന്ന അലോട്ട്മെന്റിന്റെ (14103960/-) 30% മാത്രമാണ് അനുവദിച്ചത്. അതിനു മുൻപ് 2009 മുതൽ 2011 വരെയായി ആകെ 34 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. തനതുഫണ്ടിൽ നിന്നും പെൻഷൻ ആവശ്യത്തിനായി ചെലവഴിക്കുന്ന തുകയുമായി താരതമ്യം ചെയ്താൽ ലഭിക്കുന്ന തുക വളരെ കുറവാണ്.

04/2017 മുതൽ 02/2018 വരെയുള്ള കാലയളവിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ ഫണ്ടിലേക്ക് അടക്കാനുള്ള കുടിശ്ശിക 2162920/- രൂപയും അലോട്ട്മെന്റിനത്തിൽ ലഭിക്കാനുള്ള തുക 7048920/- രൂപയും ആണ്. [03/18 വരെയുള്ള വിശദാംശങ്ങൾക്കായി ഓഡിറ്റ് അന്വേഷണം (19/21.02.19) നൽകിയെങ്കിലും മറുപടി നൽകാത്തതിനാൽ ഫയലിൽ നിന്നും ലഭ്യമായ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്]. പ്രസ്തുത കാലയളവിൽ 96,63,043/- രൂപ തനതുഫണ്ടിൽ നിന്നും പെൻഷൻ വിതരണത്തിനായി ചെലവഴിച്ചിട്ടുമുണ്ട്. (2007 മുതൽ 2017 വരെയുള്ള വിവരങ്ങൾ മുൻവർഷ റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുണ്ട്.)

ജീവനക്കാരുടെ ഡെത്ത് -കം -റിട്ടയർമെന്റ് ബെനിഫിറ്റ് ചട്ടങ്ങളിലെ നിർദ്ദേശ പ്രകാരമുള്ള വിഹിതം അടക്കുന്നതിൽ നഗരസഭ കൃത്യത പാലിക്കാത്തതിനാൽ അലോട്ട്മെന്റിനത്തിൽ ലഭിക്കാനുള്ള തുക നേടിയെടുക്കാനും സ്ഥാപനത്തിന് കഴിയുന്നില്ല. അത് കാരണം കണ്ടിജന്റ് പെൻഷൻ എന്നത് പോലെ റഗുലർ വിഭാഗം പെൻഷനും ഏതാണ്ട് പൂർണ്ണമായും നഗരസഭയുടെ ബാധ്യതയാകുന്നു. 2007 മുതൽ പെൻഷൻ വിഹിതം സെൻട്രൽ ഫണ്ടിലേക്ക് ഒടുക്കാതിരിക്കുന്നതിന്റെ കാരണത്തിന് (ഓഡിറ്റ് അന്വേഷണം 19/21.02.19) മറുപടിയും നൽകിയില്ല.

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭിക്കണമെങ്കിൽ പെൻഷൻ വിഹിതം കൃത്യമായി അടക്കണം. ആയതിനാൽ പെൻഷൻ വിഹിതം കൃത്യമായി ഒടുക്കേണ്ടതും ഈ ഇനത്തിൽ തനതുഫണ്ടിൽ നിന്നുള്ള അധിക ചെലവ് ഒഴിവാക്കേണ്ടതുമാണ്. വിഷയത്തിൽ നഗരസഭാ കൗൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

2017-18 വർഷം നഗരസഭയ്ക്ക് ലഭിച്ച അലോട്ട്മെന്റ് നിക്ഷേപിച്ചത് കാനറാബാങ്കിൽ ആരംഭിച്ച പുതിയ അക്കൗണ്ടിലാണ് (അക്കൗണ്ട് നം.2320101671994). കായംകുളം സബ്ട്രഷറിയിൽ മുനിസിപ്പൽ പെൻഷൻ ഫണ്ടിനായി ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നം.TPA 297) നിലനിൽക്കെയാണ് പുതിയ അക്കൗണ്ട് കാനറാബാങ്കിലാരംഭിച്ചത്. ചെയർമാന്റെ നിർദ്ദേശപ്രകാരമാണ് പുതിയ അക്കൗണ്ട് തുടങ്ങിയതെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയത്. ഒരേ ആവശ്യത്തിലേക്ക് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ നിലനിർത്തേണ്ടതില്ലാത്തതിനാൽ ഒരു അക്കൗണ്ട് ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

# 3-6 പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചു

ശ്രീമതി.ഷാഹിന. പി.എം, എൽ.ഡി.സി യുടെ സേവനപുസ്തകം പരിശോധിച്ചതിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചു . വിശദാംശം ചുവടെ ചേർക്കുന്നു.

ജോലിയിൽ പ്രവേശിച്ച തീയതി -31.07.15 (19000/-)

ആദ്യ ഇൻക്രിമെന്റ്. -01.07.2016 (19500/-)

രണ്ടാമത്തെ ഇൻക്രിമെന്റ്. - 05.08.17 (20,000/-)

(സേവനപുസ്തകത്തിൽ 25.08.15 ൽ സ്രൈക്ക്, 13.10.16 ,26.11.16 മുതൽ 28.11.16 വരെ ആർജ്ജിത അവധി എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടാമത്തെ ഇൻക്രിമെന്റ് 05.08.17 പ്രാബല്യത്തിൽ അനുവദിച്ചതിലും വ്യക്തതയില്ല.)

മൂന്നാമത്തെ ഇൻക്രിമെന്റ്. - 01.07.18 (20550/-)

അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (30/23.02.19) ത്തിന് മറുപടി നൽകിയില്ല. ഓഡിറ്റ് സമയത്തും (02/19) പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റെ വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. നാളിതുവരെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതും, ക്രമപ്രകാരമല്ലാതെ രണ്ടാമത്തെ ഇൻക്രിമെന്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് മൂലം നഗരസഭയ്ക്കുണ്ടായ അധികച്ചെലവ് തിട്ടപ്പെടുത്തി തിരികെ ഈടാക്കേണ്ടതുമാണ്.

# 3-7 സോളാർ പാനൽ സ്ഥാപിക്കൽ - നടപടി ക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം.332/18.

1389500/- (6/17-18/18.11.17)

അനെർട്ടിന്റെ ഡെപ്പോസിറ്റ് വർക്കായാണ് കായംകുളം താലൂക്ക് ആശുപത്രി കെട്ടിടത്തിൽ 12 KW ന്റെ ഓഫ്ഗ്രിഡ് പാനൽ സ്ഥാപിച്ചിരിക്കുന്നത്. 02.04.18 മുതൽ പാനൽ പ്രവർത്തനക്ഷമമായതായും പരിപാലന വ്യവസ്ഥകൾ നിർദ്ദേശിച്ചും 17.07.18 - ൽ അനെർട്ട് സ്ഥാപനത്തിന് കത്ത് നൽകിയിട്ടുണ്ട്. നിർവഹണവുമായി ബന്ധപ്പെട്ട അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

എ).വാറന്റി (5വർഷം), പെർഫോമൻസ് വാറന്റി (25 വർഷം), മെയിന്റനൻസ് എന്നിവ ഉറപ്പാക്കുന്നതിനായി അനെർട്ടുമായി കരാർ വെച്ചിട്ടില്ല.

ബി) സ്ഥാപിച്ച പാനലിന്റെ സാങ്കേതികത ഉറപ്പാക്കുന്നതിനായി അനെർട്ടിലെ വിദഗ്ധന്റെ സാന്നിധ്യത്തിൽ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

സി) അനെർട്ട് നിർദ്ദേശിച്ചത് പ്രകാരം പരിപാലനത്തിനായി സംവിധാനങ്ങൾ ഏർപ്പാട് ചെയ്തതിന്റെ വിശദാംശം ഹാജരാക്കിയില്ല.

ഡി) സോളാർപാനൽ സ്ഥാപിച്ചതിന് ശേഷം വൈദ്യുതി ചാർജ്ജിലുണ്ടായ വ്യതിയാനത്തിന്റെ വിവരം നൽകിയില്ല.

ഇ). സൗര നാച്ചുറൽ എനർജി സൊല്യൂഷൻസ് എന്ന ഏജൻസി വഴിയാണ് അനെർട്ട് സോളാർ പാനൽ സ്ഥാപിച്ചത്. 1389500/- രൂപ അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തുവെങ്കിലും 1152390/- രൂപയാണ് ചെലവായതെന്നും ബാക്കി തുക തിരികെ നൽകുന്നതിനായി ബാങ്ക് അക്കൌണ്ട് ആവശ്യപ്പെട്ടും 15.11.18 ൽ (സി- 4082/18) നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. തുക തിരികെ ലഭിച്ചതിന്റെയും ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ചതിന്റെയും വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/21.02.19) തുക തിരികെ നൽകിയിട്ടില്ല എന്നാണറിയിച്ചത്. സ്ഥാപിച്ച പാനൽ പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളുടെ ഭാഗമായി മാറ്റി സ്ഥാപിച്ചുവെന്നും പാനൽ പുന:സ്ഥാപിക്കുന്നതിന് തുക ആവശ്യമാകയാൽ ആയതിലേക്ക് ഈ തുക വിനിയോഗിക്കുന്നതിന് 31.01.2019 ൽ കൂടിയ ആശുപത്രി വികസന സമിതി തീരുമാനിച്ചതായാണ് മറുപടി നൽകിയത്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ കാരണം പാനൽ മാറ്റിവെച്ചിരിക്കുന്ന സാഹചര്യത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ പദ്ധതി അതിന്റെ ലക്ഷ്യം നേടിയിട്ടില്ല. പദ്ധതിക്കായി ചെലവഴിച്ച 13,89,500/- രൂപ പാഴാകുന്നത് ഒഴിവാക്കാൻ എത്രയും വേഗം കെട്ടിടം പണി പൂർത്തിയാക്കുന്നതിനും സോളാർ പാനൽ പുന:സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ലഭ്യമാക്കും

വരെ പദ്ധതിയുടെ ഭാഗമായി അനെർട്ടിന്റെ പക്കൽ അധികമായുള്ള 2,37,110/- ( 1389500 - 1152390) രൂപ തടസ്സപ്പെടുത്തുന്നു.

പാനൽ പുനഃസ്ഥാപിക്കുന്ന സമയത്ത് മറ്റ് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

# 3-8 വികലാംഗർക്ക് ഉപകരണങ്ങൾ- പ്രോജക്ടിലെ അപാകതകൾ-തുക തടസ്സപ്പെടുത്തുന്നു

നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്റ്റ് നം.11/18 പ്രകാരം നടപ്പിലാക്കിയ 'വികലാംഗർക്ക് ഉപകരണങ്ങൾ' പ്രോജക്ടിന്റെ ആകെ ചെലവ് (ബിൽ നം.68/31.3.18) 635567/-രൂപയാണ്. ഇതിൽ നിന്നും കെൽട്രോണിന് 470900/-രൂപയും, കേരള ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 164667/-രൂപയും നല്കിയതായി കാണുന്നു. കേരള ഇൻഡസ്ട്രിയൽ എന്റർ പ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നുള്ള രണ്ട് ഇൻവോയിസുകൾ പ്രകാരം (93171/-, 107491/-രൂപയുടെ) ആകെ 200662/-രൂപയുടെ ഉപകരണങ്ങളാണ് ഇവിടെ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ 93171/-രൂപയുടെ ഇൻവോയിസിലുള്ള നാല് ഇനങ്ങൾ (കോസ്മെറ്റിക് ഗ്ലോവ്, സർജിക്കൽ ഷൂസ്, എ.എഫ്.ഒ-ആർ.ടി, സി.പി.ചെയർ)നഗരസഭയ്ക്ക് ലഭിച്ചിട്ടില്ലെന്ന് ഫയലിൽ കുറിപ്പുണ്ട്, സ്റ്റോക്ക്-വിതരണ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഇവ വിതരണം ചെയ്തിട്ടില്ലെന്നും കാണുന്നു. ലഭിക്കാത്തതായി പരാമർശിക്കുന്നവയുടെ ആകെ തുക ടാക്സ് ഉൾപ്പെടെ 33742/-രൂപയാണ്. ഇതിൻ പ്രകാരം ടി തുക കുറച്ചുള്ള (200662- 33742)തുകയായ 166920/-രൂപയാണ് ടി സ്ഥാപനത്തിന് നല്കാവുന്നത്. എന്നാൽ ഇതിൽ നിന്നും 2253/-രൂപ കുറവായാണ് (164667/-) ടി സ്ഥാപനത്തിന് തുക നല്കിക്കാണുന്നത്. നാല് ഇനങ്ങൾ ലഭിച്ചിട്ടില്ലെന്നത് ഓഫീസ് നോട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും ടി വിവരം പ്രസ്തുത സ്ഥാപനത്തെ അറിയിച്ചതായോ തുടർനടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല. യഥാർത്ഥത്തിൽ ലഭിച്ചിട്ടുള്ളതായി കരുതാവുന്ന ഉപകരണങ്ങൾക്കുള്ള തുകയുടെ ക്യാഷ് ബില്ലും ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ സ്ഥാപനത്തിന് ഇനിയും തുക നല്കുവാനുള്ളതായി അവകാശപ്പെടാനുള്ള സാഹചര്യമുണ്ടെന്ന് കാണുന്നു. അർഹമായതിലും കുറവ് തുക നല്കിയതും ഇത് ടി സ്ഥാപനം അംഗീകരിച്ചുവെന്നതും സംശയാസ്പദമാണ്. ടി വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായി വിശദീകരണം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തുക 164667/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-9 നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ പ്രോജക്ടിലെ അപാകതകൾ

നഗരസഭാ ഓഫീസിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ പ്രോജക്ടിൽ (നം.474/18) ബിൽ നം.76/31.3.18പ്രകാരം 144000/-രൂപ പിൻവലിച്ച് സ്റ്റാർമാക്സ്, ഐമുറി, എറണാകുളം എന്ന സ്ഥാപനത്തിന് മൂന്ന് ലാപ്ടോപ്പുകളുടെ വിലയായി നല്കിക്കാണുന്നു. പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു:

എ)ലാപ്ടോപ്പിനായി ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല, എന്നാൽ സ്റ്റാർമാക്സ് എന്ന സ്ഥാപനത്തിന്റെ മാത്രം കൊട്ടേഷൻ ഫയലിൽ കാണുന്നുണ്ട്. ക്വട്ടേഷൻ നോട്ടീസ് ഹാജരാക്കാത്തതിനാൽ, ലാപ്ടോപ്പുകൾ എപ്രകാരമുള്ള സ്പെസിഫിക്കേഷനുകളിലുള്ളതാകണമെന്ന നിബന്ധനയുണ്ടായിരുന്നോ എന്നത് പരിശോധിക്കാനായിട്ടില്ല. കൂടാതെ, മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ഒഴിവാക്കിയ പക്ഷം ആയത് വാങ്ങൽ നടപടികളുടെ ലംഘനമാണ്.

ബി)നല്കിയ തുകയ്ക്കുള്ള കാഷ്ബിൽ സ്ഥാപനത്തിൽ നിന്ന് ലഭിച്ചുകാണുന്നില്ല.

സി)ഫയലിൽ കാണുന്ന ഇൻവോയിസും ക്വട്ടേഷനും പ്രകാരം എച്ച്.പി കമ്പനിയുടെ 8ജി.ബി റാം ഉള്ള ലാപ്ടോപ്പിന്റെ വിലയാണ് കാണിച്ചിട്ടുള്ളത്. ഇതിൻ പ്രകാരമാണ് ഒരു ലാപ്ടോപ്പിന് 48000/-രൂപ വീതം വിലയായിട്ടുള്ളതും. എന്നാൽ ലാപ്ടോപ്പുകൾ ഓഡിറ്റിൽ ഹാജരാക്കിയവ നേരിൽ പരിശോധിച്ചതിൽ 4ജി.ബി റാം

മാത്രമുള്ളവയാണ് ലഭിച്ച ലാപ്ടോപ്പുകൾ എന്ന് കാണുന്നു. ഇവ സംബന്ധിച്ച സ്റ്റോക്ക് രേഖപ്പെടുത്തലിലും ഇപ്രകാരം 4ജി.ബി റാം തന്നെയാണ് കാണിച്ചിട്ടുള്ളത്. മെമ്മറിയിലുള്ള ഈ വ്യത്യാസം വിലയിൽ വലിയ വ്യത്യാസം തന്നെ ഉണ്ടാക്കുന്നതാണ്.

ഡി)ലാപ്ടോപ്പുകളുടെ എണ്ണം, ആർക്കെല്ലാം വിതരണം ചെയ്തു എന്നീ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ലാപ്ടോപ്പുകളും മറ്റ് കമ്പ്യൂട്ടർ ഉപകരണങ്ങളും ഫർണീച്ചറുകളുമെല്ലാം പൊതുവായ ഒരു സ്റ്റോക്ക് രജിസ്റ്ററിൽ തന്നെ പ്രോജക്ട് ക്രമത്തിലാണ് എഴുതിവരുന്നതെന്ന് കാണുന്നു. ഇവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകയായ 144000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-10 അങ്കണവാടി നിർമ്മാണം,വാർഡ് 13 ക്വോട്ട് ചെയ്തതിലും അധികരിച്ച നിരക്കിൽ തുക നല്കി, അധികച്ചെലവ്

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച അങ്കണവാടി നിർമ്മാണം വാർഡ് 13 എന്ന പ്രോജക്ടിൽ (ഫയൽ നം.പി.ഡബ്ലിയു.1/25858/17, 2017-18 ലെ 445/18, സ്പിൽ ഓവറായി പ്രോജക്ട് നം.383/19) കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിലും അധികനിരക്കിൽ തുക നല്കിയതിലൂടെ അധികച്ചെലവ് വന്നുകാണുന്നു. അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ടുവെങ്കിലും (നം.42/22.2.19) ലഭ്യമാക്കിയിട്ടില്ല.

കരാർ ഏറ്റെടുത്തിട്ടുള്ള ശ്രീ.ഇ.എം. അഷറഫ്, കോല്ലംപറമ്പിൽ,കായംകുളം എന്ന കരാറുകാരൻ ക്വോട്ടേഷൻ ഷെഡ്യൂൾ പ്രകാരം എസ്റ്റിമേറ്റിലും 1%കുറവാണ് (അക്കത്തിലും അക്ഷരത്തിലും എഴുതി) ക്വോട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ഇത് 0.1%കുറവ് എന്ന് തെറ്റായി രേഖപ്പെടുത്തുകയും ഇതിൻ പ്രകാരം ഓരോ ഇനത്തിലും 0.1%കുറച്ച് കണക്കാക്കിയ തുക ടിയാന് നല്കുകയും ചെയ്തിരിക്കുന്നു. ആകെ 9644/- രൂപ അധികം നല്കി(പ്രവർത്തി പൂർത്തികരിച്ച് അളവെടുത്തിട്ടുള്ളത് 2017-18വർഷമാണെങ്കിലും, 2018-19വർഷമാണ് ചെലവ് വന്നിട്ടുള്ളത് )

എം-ബുക്ക് നം.23/18-19, ചെക്ക് മെഷർ: 27.3.18, 24.4.18

പ്രവർത്തിമൂല്യം 1092299/- (കിഴിവുകൾ 21846/- കുറച്ച് )

0.1% കുറവിൽ കരാറുകാരന് നല്കിയ തുക 1070453/-,

0.1% കുറവ് വരുത്താതെയുള്ള തുക - 1071524/-,

1% കുറവ് വരുത്തി നല്കേണ്ടുന്ന തുക: – (1071524 -10715) = 1060809

അധികം നല്കിയത്(1070453-1060809) – 9644/- രൂപ

ഇത് കൂടാതെ, ടി പ്രവർത്തിയിൽ, കരാറുകാരന് സെലക്ഷൻ നോട്ടീസ് നല്കിക്കാണുന്നില്ല, സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ വിവരവും ഇല്ല. കൂടാതെ, റിവൈസ് എസ്റ്റിമേറ്റിൻ പ്രകാരം കരാറുകാരൻ പുതുക്കി കരാർ വച്ചതായി കാണുന്നില്ല എന്നീ അപാകതകളും കാണുന്നു.

# 3-11 വാണിയന്റയ്യത്ത് റോഡ് ഫില്ലിംഗ് & കിഴക്കേടത്ത് റോഡ് കോൺക്രീറ്റിംഗ് - ഫില്ലിംഗിന് നിയമവിധേയമല്ലാതെ തുക ചെലവഴിച്ചു

പ്രോജക്ട് നമ്പർ - 238/17

എസ്റ്റിമേറ്റ് - 5,64,000/-

കരാറുകാരൻ - ശ്രീ.അബ്ദുൾ അസീസ്

പി.എസ്.സി. - 562743/-

എഗ്രിമെന്റ് നം. & തീയതി- 41/9.1.17

അളവുപുസ്തക നമ്പർ- 88/16-17

കിഴക്കേടത്ത് റോഡിന്റെ കോൺക്രീറ്റിംഗ് പ്രവൃത്തി 29.03.17-ൽ പൂർത്തീകരിച്ച് ആയതിന് 489121/-രൂപ മൂല്യനിർണ്ണയം നടത്തുകയും, റിട്ടെൻഷൻ, നികുതികൾ എന്നീ ഇനങ്ങളിൽ 47,202/-രൂപ കഴിച്ച് ശേഷിച്ച 4,41,920/-രൂപ കരാറുകാരന് നൽകുകയും ചെയ്തിരുന്നു. (ബിൽ നം. 72/31.03.17). തുടർന്ന് വാണിയന്റയ്യത്ത് റോഡിൽ GSB ഉപയോഗിച്ച് 20 സെ.മീ. കനത്തിൽ ഫില്ലിംഗ് നടത്തിയതായി കാണിച്ച് ആയതിന് 39401/-രൂപ മൂല്യം നിർണ്ണയിക്കുകയും, നികുതികൾ കഴിച്ച് 37037/-രൂപ കരാറുകാരന് നൽകിയതായുമാണ് രേഖ. (ബിൽ നം. 32/30.08.17). ഫില്ലിംഗ് മാത്രമായി നടത്തുന്ന പ്രവൃത്തികളിൽ GSB ഉപയോഗിക്കേണ്ടതില്ലെന്ന സാങ്കേതിക നിർദ്ദേശം ഉണ്ടായിരിക്കെ ആയതു പരിഗണിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുവാനും, തുടർവർഷങ്ങളിൽ ഈ റോഡിൽ ഏതെങ്കിലും തുടർപ്രവൃത്തി നടത്തിയിട്ടുള്ള പക്ഷം ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രവൃത്തിയുടെ നിർവ്വഹണ കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ഇതുസംബന്ധമായുള്ള മറുപടി വാങ്ങി ഹാജരാക്കാമെന്ന് നിലവിലെ മുനിസിപ്പൽ എൻജിനീയർ മറുപടി നൽകി. കൂടാതെ വാണിയന്റയ്യത്ത് റോഡിൽ തുടർവർഷങ്ങളിൽ പ്രവൃത്തികളൊന്നും ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ലെന്നും ടിയാൾ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഫില്ലിംഗിനായി ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 39401/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 മൊയ്തീൻതറ റോഡ്, വള്ളിയിൽ റോഡ് & കരോട്ടിപ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് - ക്രമവിരുദ്ധമായ നടപടികൾമൂലം അധികച്ചെലവ്

നഗരസഭയുടെ 8-ാം വാർഡിലെ മൊയ്തീൻതറ റോഡ്, വള്ളിയിൽ റോഡ് & കാരോട്ടിപ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി അംഗീകാരം വാങ്ങിയ 6,56,000/-രൂപ അടങ്കലുള്ള പ്രോജക്റ്റിന്റെ നിർവ്വഹണം ടെൻഡർ 5,88,900/-രൂപ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.കെ.നാസർ എന്ന കരാറുകാരനെ ചുമതലപ്പെടുത്തിയിരുന്നു. (എഗ്രിമെന്റ് നം. 24/16-17/27.12.16). ഇതിൽ മൊയ്തീൻതറ റോഡ് 16.03.17-ൽ പൂർത്തീകരിച്ചതനുസരിച്ച് ആയതിന് 417415/-രൂപ മൂല്യനിർണ്ണയം നടത്തുകയും നികുതികൾ ഇനത്തിൽ 25045/-രൂപ കുറവുചെയ്ത് ശേഷിച്ച 392370/-രൂപ കരാറുകാരന് പാർട്ട് ബിൽ ആയി നൽകി. (ബിൽ നം. 45/31.03.17). തുടർന്ന് കാരോട്ടിപ്പള്ളിൽ റോഡിന്റെ നിർമ്മാണം 05.04.17-ൽ പൂർത്തീകരിച്ച് ആയതിന്റെ മൂല്യം 118078/-രൂപയായി നിർണ്ണയിക്കുകയും നികുതികൾ കഴിച്ച് 110993/-രൂപ കരാറുകാരന് നൽകുകയും ചെയ്തു (ബിൽ നം. 12/30.06.17). വർക്കിന്റെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വെള്ളക്കെട്ടുള്ളതിനാൽ റോഡുകളുടെ കുറച്ചുഭാഗം മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതിനെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെങ്കിലും റോഡ് എസ്കവേഷനു വേണ്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. വള്ളിയിൽ റോഡ് 46 മീറ്ററും മൊയ്തീൻതറ റോഡ് 81 മീറ്ററും കുഴിക്കുന്നതിനായി 239/എം$^3$ നിരക്കിൽ എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.
2. മൊയ്തീൻതറ റോഡ് 131 മീറ്റർ 1:3:6 അനുപാതത്തിലും, 10 സെ.മീ. കനത്തിലും കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിരുന്നത് (37.501എം$^3$@6724.68/എം$^3$) എന്നാൽ ഇതിനുപുറമെ ചെയ്യുന്ന 1:2:4

അനുപാതത്തിലുള്ള കോൺക്രീറ്റാകട്ടെ 5 സെ.മീ. കനത്തിൽ 241 മീറ്റർ ചെയ്യുന്നുവെന്ന് കാട്ടിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് (33.403എം$^3$@8412.38/എം$^3$) വ്യതിയാനത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

3. 16.03.17ൽ പൂർത്തീകരിച്ച മൊയ്തീൻതറ റോഡിന്റെ എസ്റ്റിമേറ്റിലെ ഒന്നാം ഇനമായിരുന്ന കുഴിക്കൽ ഒഴിവാക്കിയും രണ്ടാം ഇനമായ 1:3:6 അനുപാതത്തിലുള്ള കോൺക്രീറ്റ് 26.4എം$^3$ ഉം (@6052/എം$^3$) 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റ് 37.04എം$^3$ ഉം നടത്തി ആയത് എസ്റ്റിമേറ്റിലുള്ള അളവായ 33.403എം$^3$-ൽ നിജപ്പെടുത്തിയുമാണ് (@7570/എം$^3$) കരാറുകാരന് തുക അനുവദിച്ചത്. എന്നാൽ വർക്കിന്റെ പൂർത്തീകരണശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 20.06.17-ൽ കരാറുകാരനെക്കൊണ്ട് സപ്ലിമെന്ററി എഗ്രിമെന്റ് വയ്പിക്കുകയും ചെയ്തിട്ടുണ്ട്. 1:2:4 അനുപാതത്തിലുള്ള കോൺക്രീറ്റിന് ഒറിജിനൽ എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ അളവിൽ അധികരിച്ച് 3.637എം$^3$ ന് കൂടി വീണ്ടും കരാറുകാരന് 27532/-രൂപ അനുവദിച്ചതായാണ് രേഖ. (3.637എം$^3$@7570/എം$^3$) വർക്കിന്റെ പൂർത്തീകരണത്തിനും പേയ്മെന്റിനും ശേഷം പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, എസ്റ്റിമേറ്റിൽ നിജപ്പെടുത്തിയ അളവിൽ അധികരിച്ച പ്രവൃത്തിക്ക് തുക അനുവദിക്കുകയും ചെയ്ത നടപടി ക്രമപ്രകാരമല്ല.

1. മുകളിൽ പ്രതിപാദിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/23.01.19) പ്രവൃത്തിയുടെ നിർവ്വഹണ കാലയളവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും മറുപടി വാങ്ങി ഹാജരാക്കാമെന്നാണ് നിലവിലെ മുനിസിപ്പൽ എൻജിനീയർ മറുപടി നൽകിയത്. മേൽക്കാരണത്താൽ ഈ പ്രവൃത്തിക്കായി 2017-18 വർഷം ചെലവഴിച്ച 118078/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-13 ഒഴുക്കുനീറ്റിൽ തോട് ഡ്രഡ്ജ് ചെയ്ത് ഷട്ടർ സ്ഥാപിക്കൽ - ഡ്രഡ്ജിംഗ് വഴി ലഭിച്ച മണ്ണ് ലേലം ചെയ്തില്ല

പ്രോജക്ട് നമ്പർ - 361/17

എസ്റ്റിമേറ്റ് - 1100000(10% ഗുണഭോക്തൃവിഹിതം ഉൾപ്പെടെ)

കരാറുകാരൻ - ശ്രീ.അബ്ദുൽ റഹിം

അളവുപുസ്തകം നമ്പർ - 154/17-18

എഗ്രിമെന്റ് നമ്പർ - 139/1.2.18

ഇ-ടെൻഡർ ചെയ്ത പ്രസ്തുത പ്രവൃത്തി ആരും ഏറ്റെടുക്കാതിരുന്നതിനെ തുടർന്ന് എസ്റ്റിമേറ്റ് നിരക്കിൽ മുകളിൽ പ്രതിപാദിച്ച കരാറുകാരനെ ചുമതലപ്പെടുത്തിയതായാണ് രേഖ. 26.03.18-ൽ പൂർത്തീകരിച്ച വർക്കിന് 1096580/-രൂപ മൂല്യനിർണ്ണയം നടത്തി 10% ഗുണഭോക്തൃവിഹിതമിനത്തിൽ 109658/-രൂപയും, നികുതികൾ ഇനത്തിൽ 19738/-രൂപയും കുറവുചെയ്ത് ശേഷിച്ച 9,67,184/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (ബിൽ നമ്പർ 154/31.03.18). ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നടത്തിയ ഡ്രഡ്ജിംഗിന്റെ ഭാഗമായി 4004.14എം$^3$ മണ്ണ് ലഭിച്ചതായും, ആയത് എസ്റ്റിമേറ്റിൽ നിജപ്പെടുത്തി 3996.72എം$^3$ മണ്ണിന്റെ കുഴിക്കലിന് 198.80/എം$^3$ നിരക്കിൽ 794548/-രൂപ കരാറുകാരന് അനുവദിച്ചതായുമാണ് രേഖ. ഈ മണ്ണ് ചെളിനിറഞ്ഞതാകയാൽ ഡിപ്പാർട്ടുമെന്റൽ ഉപയോഗത്തിന് യോഗ്യമല്ലെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മണ്ണിന്റെ വിലയിനത്തിൽ കരാറുകാരനിൽ നിന്നും തുകയൊന്നും ഈടാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം ലഭിച്ച മണ്ണിന്റെ വിവരം നഗരസഭയിൽ രേഖാമൂലം അറിയിക്കുകയോ ആയത് ലേലം ചെയ്യാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതിൻമേൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടും നിലവിൽ ഈ മണ്ണ് എവിടെ സൂക്ഷിക്കുന്നുവെന്നത് അറിയിക്കാൻ നിർദ്ദേശിച്ചുകൊണ്ടും നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 44/26.02.19) തോടിന്റെ

അടുത്തുള്ള പ്ലോട്ടിന്റെ ദൂരെയുള്ള ഭാഗത്തായി ഈ മണ്ണ് സൂക്ഷിക്കുന്നുവെന്നും, ഇത് യാതൊരുവിധ പുനരുപയോഗത്തിനും സാധ്യമല്ലാത്ത സാഹചര്യം പരിഗണിച്ചാണ് മറ്റ് നടപടികൾ സ്വീകരിക്കാതിരുന്നതെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി നൽകി. എന്നാൽ ഡ്രഡ്ജിംഗ് വഴി ലഭിച്ച മണ്ണ് പുനരുപയോഗസാധ്യമല്ലെങ്കിലും ആയതിന്റെ വിവരം നഗരസഭയിൽ രേഖാമൂലം അറിയിക്കാതിരുന്നതും, ലേല നടപടികൾ സ്വീകരിക്കാതിരുന്നതും ക്രമപ്രകാരമല്ല. ആകയാൽ ഈ മണ്ണ് അടിയന്തിരമായി ലേലം ചെയ്ത് നഗരസഭയിൽ മുതൽ കൂട്ടുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുന്നതിലേക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

# 3-14 ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ്-കൃത്യമായ കണക്കുകളില്ല, വിനിയോഗ വിവരമില്ല, തുക തടസ്സപ്പെടുത്തുന്നു

ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് പ്രോജക്റ്റിൽ (പ്രോജക്ട് നം.334/18, ഫയൽ നം.പി.ഡബ്ലിയു.3-10712/17) 13,20,000/- രൂപ ബിൽ നം. 9/27.7.17പ്രകാരം പിൻവലിച്ച് ചുവടെ ചേർക്കുന്ന മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിലായി കെ.എസ്.ഇ.ബി-യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

എ.കായംകുളം വെസ്റ്റ്-540000/-

ബി.കായംകുളം ഈസ്റ്റ്-615000/-

സി.കൃഷ്ണപുരം-165000/-

എന്നാൽ, ടി തുകയുപയോഗിച്ച് എത്ര പോസ്റ്റ് ഷിഫ്റ്റിംഗ് നടത്തിയെന്നതോ കെ.എസ്.ഇ.ബി-യിലുള്ള നീക്കിയിരിപ്പ് തുകയുടെ വിവരമോ ഫയലിൽ നിന്നും വ്യക്തമല്ല. ഷിഫ്റ്റിംഗിനായുള്ള അപേക്ഷകൾ ക്രമരഹിതമായി ഫയൽ ചെയ്തിട്ടുള്ളതിൽ നിന്നും ആകെ എത്ര രൂപയുടെ പ്രവർത്തികൾ നടപ്പിലാക്കി, മാറ്റിയിട്ടുള്ള പോസ്റ്റുകൾ ഏതെല്ലാം എന്നീ വിവരങ്ങൾ മാറ്റിയിട്ട പോസ്റ്റ് നം.&വാർഡ് നം. എന്ന ക്രമത്തിൽ തയ്യാറാക്കിയിട്ടില്ല. ചെലവായ തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. വിവരങ്ങൾ ഓഡിറ്റ് അന്വേഷണത്തിലൂടെ (5/20.02.2019) ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. വാർഡ് -പോസ്റ്റ്നമ്പർ എന്നിവ വ്യക്തമാകുന്ന വിധത്തിൽ ഷിഫ്റ്റിംഗ് സംബന്ധിച്ച കൃത്യമായ കണക്ക് രജിസ്റ്ററിലൂടെ നിരീക്ഷിക്കേണ്ടതുണ്ട്. രേഖകളുടെ അപൂർണ്ണത മൂലം ചെലവ് തുക 13,20,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവായ തുകയുടെ വിനിയോഗ വിവരം, നീക്കിയിരിപ്പ് എത്ര മുതലായവ കൃത്യമായി പരിശോധനായോഗ്യമായി കണക്കാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്ന മുറയ്ക്ക് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

# 3-15 ചെലവ് വിശദാംശങ്ങൾ ഹാജരാക്കിയില്ല, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല- തുക തടസ്സപ്പെടുത്തുന്നു:

നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കും പ്രകാരമുള്ള പ്രോജക്ടുകളിൽ ചെലവിന്റെ സംശുദ്ധത സാധൂകരിക്കുന്ന രേഖകളും വിനിയോഗ സാക്ഷ്യപത്രങ്ങളും ഓഡിറ്റ് അന്വേഷണത്തിലൂടെ (നം.26/22.02.2019) ആവശ്യപ്പെട്ടിട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുകകൾ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്റ്റിന്റെ പേര് | തുക | ബിൽ നം. | മറ്റ് അപാകത |
|---|---|---|---|---|---|
| 1 | 336/18 | ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ | 1365250/- | 31/30.10.17 | കെ.എസ്.ഇ.ബി-യിലേക്ക് നിക്ഷേപിച്ചത് സംബന്ധിച്ച ചെലവ് വിവരങ്ങൾ, മീറ്റർ ഏർപ്പെടുത്തിയ പോസ്റ്റുകളുടെ, വാർഡുകളുടെ വിവരം, മീറ്ററിംഗിലൂടെ തുകയിൽ വ്യത്യാസം വന്നിട്ടുള്ള പക്ഷം ആയതിന്റെ വിവരം എന്നിവയും ലഭ്യമാക്കേണ്ടതാണ്. |
| 2 | 16/18 | ഡി&ഒ ലൈസൻസ് | 15220/- | 70/31.3.18 | കമ്പ്യൂട്ടറൈസേഷൻ നടത്തിയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഏതെല്ലാം വാർഡുകളുടെ/രേഖകളുടെ |

| | | | | | |
|---|---|---|---|---|---|
| | | കമ്പ്യൂട്ടറൈസേഷൻ | | | കമ്പ്യൂട്ടറൈസേഷനാണ് നടത്തിയതെന്നത് വ്യക്തമാക്കണം. കമ്പ്യൂട്ടറൈസ് ചെയ്ത രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കണം. |
| 3 | 23/18 | ~~തെരുവ് നായ്ക്കളുടെ~~ വന്ധീകരണം | 225000/- | 13/31.7.17-(205806) 14/31.7.17-(19194) | ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. |
| 4 | 219/18 | തെരുവ് നായ്ക്കളുടെ വന്ധീകരണം | 200000/- | 15/31.7.17 | ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. |
| 5 | 335/18 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 154000/- | 66/31.3.18(766379)<br>65/31.3.18(695210)<br>61/16.3.18(78411) | മൂന്ന് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകളിലായി ഡെപ്പോസിറ്റ് ചെയ്ത് കാണുന്ന തുക |
| 6 | 227/18 | നഗരസഭാ ഓഫീസിലേക്ക് ഫർണീച്ചർ | 248900/- | 77/31.3.18 | പ്ലാസ എന്റർപ്രൈസസ്, കലഞ്ഞൂർ എന്ന സ്ഥാപനത്തിനാണ് തുക നല്കിയത്. ആവശ്യമായ ഇനങ്ങൾ സംബന്ധിച്ച് പ്രത്യേകം പരാമർശിക്കാതെയുള്ള ഒരു ക്വട്ടേഷനാണ് ഫയലിലുള്ളത്. ഉദാഹരണമായി വൈസ് ചെയർമാന് ടേബിൾ എന്ന ഇനത്തിൽ കൊട്ടേഷൻ ഷെഡ്യൂളിൽ വകയിരുത്തിയിട്ടുള്ളത് അതിന്റെ മതിപ്പുവില മാത്രമാണ് (55000/-രൂപ), ടേബിളിനെ സംബന്ധിച്ച അളവുകളോ മറ്റ് വിവരമോ പറയാതെയാണ് ക്വട്ടേഷൻ ക്ഷണിച്ചതും ലഭിച്ചതും. ഇതിൻ പ്രകാരം കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനത്തിന്റെ കൊട്ടേഷൻ അംഗീകരിച്ച് തുക നല്കുകയാണ് ചെയ്തിട്ടുള്ളത്. നല്കിയ തുകയ്ക്ക് സ്ഥാപനത്തിൽ നിന്ന് ക്യാഷ് ബിൽ ലഭിച്ചിട്ടില്ല. |
| 7 | 306/18 | ഗവ.ബോയ്സ് എച്ച്.എസ്.എസ്, എസ്.പി.സി ധനസഹായം | 100000/- | 30/13.10.17 | ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നീ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. |
| 8 | 220/18 | ശുചീകരണ ഉപകരണങ്ങൾ, മരുന്ന് വാങ്ങൽ | 425605/- | | ചോയിസ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളതായി ഫയലിൽ കാണുന്നു. എന്നാൽ, ക്യാഷ്ബിൽ, വിതരണ വിനിയോഗ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 9 | 368/18 | വയബിളിറ്റി ഗ്യാപ് ഫണ്ട്(ഹരിത കർമസേന) | 500000/- | 57/6.3.18 | വിനിയോഗ വിവരങ്ങൾ ചെലവ് സംബന്ധിച്ച രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. |
| **ആകെ തുക:** | | | 3233975 | | |

വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുകയും, പരാമർശിച്ചിട്ടുള്ള മറ്റ് അപാകതകൾ പരിഹരിക്കുകയും ചെയ്യുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം പുനഃപരിശോധിക്കുന്നതാണ്.

# 3-16 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

I. 55/18 ഭവനനിർമ്മാണം (എസ്.സി.പി.)

| | |
|---|---|
| പ്രോജക്ട് നം., പേര് | 55/18, ഭവന നിർമ്മാണം |
| അടങ്കൽ | 4410000 |
| ചെലവ് | 2790000 |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി.) |

2016-17 ൽ ആസൂത്രണം ചെയ്ത ടി പ്രോജക്ട് പ്രകാരം ഭവനനിർമ്മാണം ആരംഭിച്ച താഴെപ്പറയുന്ന 3 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ചിട്ടില്ല. നിലവിൽ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ബോദ്ധ്യപ്പെടുത്തണമെന്ന് അറിയിച്ചതിന് (ഓഡിറ്റ് അന്വേഷണം നം.27/22.01.2019) ലഭിച്ച മറുപടിയിൽ 31.03.2019 നകം പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നല്കിയെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ സബ്സിഡി

തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കുന്ന താണെന്നും വിശദീകരിക്കുകയുണ്ടായി. പണി പൂർത്തീകരിക്കാത്തപക്ഷം സബ്സിഡിത്തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ തുക /തീയതി |
|---|---|---|
| 1 | ചന്ദ്രിക, വലിയ പേരേത്ത്, വാർഡ്- 18 | 30,000 രൂപ /14.07.2017 |
| 2 | രോഹിണി, സനിൽ ഭവനം, വാർഡ് -29 | 30,000 രൂപ /14.07.2017 |
| 3. | കുട്ടപ്പൻ,കണ്ടത്തിൽ പറമ്പിൽ, വാർഡ് -29 | 30,000 രൂപ /26.03.2017<br>90,000 രൂപ/22.07.2017 |

II. <u>375/18 ഭവനനിർമ്മാണം</u>

ടി പ്രോജക്ട് പ്രകാരം 12.03.2018-ൽ സബ്സിഡി 30,000/- രൂപ കൈപ്പറ്റിയ സുധ. ജെ, പ്ലാമൂട്ടിൽ, വാർഡ് 19 എന്നയാൾ വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. 25.02.2019 വരെയുള്ള സ്ഥിതി വ്യക്തമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/22.01.2019) ടിയാൾ വീടുപണി പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ്, താമസം ആരംഭിച്ചുകൊണ്ടുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് മുഴുവൻ തുകയും നല്കുന്നതാണെന്നും അറിയിച്ചു. അടിയന്തിരമായി ടിയാന് അനുകൂല്യം നല്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 3-17 വാഹനങ്ങളുടെ പരിപാലനം കാര്യക്ഷമമല്ല

**എ). <u>ലോഗ്ബുക്കിലെ അപാകതകൾ :-</u>**

നഗരസഭയിൽ നിലവിൽ ഉപയോഗത്തിലുള്ള വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

1.KL-29-E-2881-ലോറി.

2.KL-4-29L-1189 -ജീപ്പ്.

3.KL-4S-1557 -ഫ്രണ്ട് ലോഡർ.

4.KL-4-29F-6699- കാർ.

5.KL-4-R-1395- ജീപ്പ്.

6.KL-29-J-4794 -ബൈക്ക്.

ക്രമ നമ്പർ 3 വാഹനം നഗരസഭയിലെ ശുചീകരണത്തിനായി ഉപയോഗിക്കുമ്പോൾ മറ്റുള്ളവ ഔദ്യോഗിക ആവശ്യത്തിനുപയോഗിക്കുന്നു. ക്രമ നമ്പർ 5 ഒഴികെ മറ്റു വാഹനങ്ങളുടെ ലോഗ് ബുക്ക് ഓഡിറ്റിൽ ഹാജരാക്കി. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഔദ്യോഗിക ആവശ്യത്തിനുള്ള വാഹനങ്ങളുടെ ലോഗ് ബുക്കിൽ ഓരോ യാത്രയും രേഖപ്പെടുത്തുകയും യാത്ര ചെയ്ത ആളുകൾ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ശുചീകരണത്തിന് ഉപയോഗിക്കുന്നതുൾപ്പെടെയുള്ള വാഹനങ്ങളുടെ ലോഗ്ബുക്കുകളിലൊന്നും തന്നെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറിയോ അദ്ദേഹം ചുമതലപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിശോധിച്ച് ഉപയോഗം ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ട് സാക്ഷ്യപ്പെടുത്തുന്നില്ല.

2. ഒരു വാഹനത്തിന്റെയും ലോഗ്ബുക്കിൽ വാഹനം ആകെ സഞ്ചരിച്ച ദൂരം, ഉപയോഗിച്ച ഇന്ധനം എന്നിവയുടെ പ്രതിമാസ സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നില്ല. ആയതിനാൽ ഇന്ധനഉപഭോഗത്തിലെ കൃത്യത പരിശോധിച്ചുറപ്പാക്കാൻ കഴിയുന്നില്ല.

3. 2000 ലെ കേരള മുനിസിപ്പാലിറ്റി (മോട്ടോർ വാഹനങ്ങളുടെ ഉപയോഗവും പരിപാലനവും) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഇന്ധന ഉപയോഗം സംബന്ധിച്ച സർട്ടിഫിക്കറ്റ് സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിലെ വാഹനങ്ങളുടെ ഇന്ധനഉപഭോഗം യഥാസമയം പരിശോധിക്കുന്നില്ല. വിശദാംശങ്ങൾ നൽകാത്തതിനാൽ വാഹനങ്ങളുടെ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് അവസാനം ചെയ്തിട്ടുള്ളത് എന്നാണ് എന്നതിൽ വ്യക്തതയില്ല.

4. ചട്ടം 9-ൽ നിഷ്കർഷിക്കും വിധം ഇന്ധന ഉപയോഗത്തിന്റെ കൃത്യതയും പരിശോധിക്കപ്പെടുന്നില്ല. ഇന്ധന ഉപയോഗത്തിൽ കാര്യമായ വ്യതിയാനം വരുന്നുണ്ടോ എന്നത് അറിയുന്നതിനും പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും യഥാസമയം ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്യുകയും ഇന്ധന ഉപയോഗത്തിന്റെ കൃത്യത പരിശോധിക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്.

5. ഫ്രണ്ട് ലോഡർ ഒഴികെയുള്ള വാഹനങ്ങളുടെ റിപ്പയർ, ഇന്ധന രജിസ്റ്ററുകൾ ഓഡിറ്റിൽ ഹാജരാക്കി. 06/2017 വരെയുള്ള വിവരങ്ങൾ മാത്രമാണ് ഇതിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

6.വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വാഹന പരിപാലനത്തിലെ അപാകതകൾ മുൻവർഷ റിപ്പോർട്ടിലും പ്രതിപാദിച്ചുവെങ്കിലും അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല. വാഹന പരിപാലനത്തിൽ 2000-ലെ കേരള മുനിസിപ്പാലിറ്റി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ബി). <u>നഗരസഭയിലെ ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്യുന്നില്ല</u>**

നഗരസഭയിലെ ഉപയോഗയോഗ്യമല്ലാത്ത വാഹനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാഹനം |
|---|---|
| 1. | KL-29 -817 -ടിപ്പർ ലോറി. |
| 2. | KL-04 -E -8107 - ടിപ്പർ ലോറി. |
| 3. | KL-01-AJ-5724 – EISCHER LORRY. |
| 4. | KL-U-3653 - ഓട്ടോറിക്ഷ. |
| 5. | KL-04-Q-9328- അംബാസിഡർ കാർ. |
| 6. | KL-04-H-3313 -ടില്ലർ. |
| 7. | KL-04-F-7968-റോഡ് റോളർ. |

വാഹനങ്ങൾ അടിയന്തിരമായി ലേലം ചെയ്യേണ്ടതിന്റെ ആവശ്യകത മുൻവർഷ റിപ്പോർട്ടിലും

പരാമർശിച്ചുവെങ്കിലും ഇതുവരെയും ലേലം നടന്നിട്ടില്ല. ലേലം ചെയ്യുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽ തുടർന്നു വരുന്നുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണ (1/17.02.19) ത്തിന് മറുപടി നൽകിയത്. ലേലം ചെയ്യുന്നതിലെ കാലതാമസം വാഹനങ്ങളുടെ മൂല്യത്തിൽ വലിയ കുറവിന് കാരണമാകുമെന്നതിനാൽ ലേലനടപടികൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതാണ്.

# 3-18 പാലിയേറ്റീവ് കെയർ പദ്ധതി നിർവഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നം. 382/18

**1.<u>നൽകിയ മുഴുവൻ തുകക്കുമുള്ള മരുന്നുകൾ ലഭിച്ചില്ല</u>**

കെ.എം.എസ്.സി.എൽ – ന് നൽകിയ തുകയുടെയും ലഭിച്ച മരുന്നിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽനമ്പർ, തീയതി. | തുക | ലഭിച്ച മരുന്ന് |
|---|---|---|
| 8/17-18 തീയതി<br>27.03.18 (കെ.എം.എസ്.സി.എൽ) | 70,000/- | 49,949/- |
| 9/17-18/28.03.18<br>(കെ.എം.എസ്.സി.എൽ) | 49,814/- | 45,457/- |
| ആകെ | 1,19,814/- | 95,406/- |

ബാക്കി തുകക്കുള്ള മരുന്നുകൾ ലഭിക്കാനായി സ്വീകരിച്ച നടപടികളുടെ വിവരം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21.02.19) മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതാണെന്ന് കെ.എം.എസ്.സി.എൽ മറുപടി നൽകിയതായി അറിയിച്ചു. മരുന്നുകൾ ലഭിക്കാത്ത സാഹചര്യത്തിൽ 24408/-(1,19,814 – 95,406) രൂപ തടസ്സപ്പെടുത്തുന്നു.

**2). <u>ചെലവ് രേഖകൾ ഫയൽ ചെയ്തിട്ടില്ല</u>**

ഹോംകെയർ ദിവസങ്ങളിലെ ഭക്ഷണം, വാഹനവാടക എന്നിവയുടെ ബില്ലുകൾ/ട്രിപ്പ് ഷീറ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹോട്ടൽ ഉടമ/ഡ്രൈവർ നൽകിയ കൈപ്പറ്റ് രസീതുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. അപാകത ഒഴിവാക്കി വൗച്ചറുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

# 3-19 ചെലവ് രേഖകൾ ഹാജരാക്കിയില്ല - 2,83,840/- രൂപ തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണത്തിനായി നാല്പത്തിനാല് വാർഡുകളിലെ കൺവീനർമാർക്ക് 3,90,280 (51700199/ 14.06.17) രൂപ അനുവദിച്ചു. ഒരു വാർഡിന് 8870/- രൂപ വീതമാണ് നാൽപത്തിനാല് വാർഡുകൾക്ക് തുക നൽകിയത്. ഇതിൽ പന്ത്രണ്ട് വാർഡുകളുടെ (23മുതൽ 32 വരെയും 35, 36 വാർഡുകളുടെയും) ചെലവുരേഖകൾ മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ മുപ്പത്തിരണ്ട് വാർഡുകൾക്ക് അനുവദിച്ച 2,83,840/- രൂപ തടസ്സപ്പെടുത്തുന്നു. ( ഓഡിറ്റ് അന്വേഷണം 13/22.02.19)

# 3-20 ബി ഫണ്ട് - അപേക്ഷാ വിതരണ രജിസ്റ്ററുകൾ കൃത്യമല്ല

**എ).<u>പെൻഷൻ അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>**

വിവിധ പെൻഷൻ അപേക്ഷകൾ ലഭിച്ചതിന്റെയും നടപടി എടുത്തതിന്റെയും വിശദാംശത്തിനായി അപേക്ഷാരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 2017-18 വർഷം ലഭിച്ച എല്ലാ പെൻഷൻ അപേക്ഷകളിലും യഥാസമയം നടപടി സ്വീകരിച്ചു എന്നാണ് ഓഡിറ്റ് അന്വേഷണ (9/23.02.19) ത്തിന് മറുപടി നൽകിയത്. അപേക്ഷാ രജിസ്റ്ററിന്റെ അഭാവത്തിൽ നൽകിയ മറുപടിയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. അപേക്ഷകൾ ലഭിച്ചത്, അന്വേഷണത്തിന് നൽകിയത്, തിരികെ ലഭിച്ചത്, അംഗീകരിച്ചത്/നിരസിച്ചത്, പെൻഷൻ അനുവദിച്ച തീയതി തുടങ്ങി എല്ലാ വിവരങ്ങളും അടങ്ങിയ അപേക്ഷാ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**ബി). തൊഴിൽരഹിതവേതനവിതരണം**

2017-18 വർഷം വേതനവിതരണത്തിനായി 1,78,440/- രൂപ പിൻവലിച്ച് 1,67,880/-രൂപ വിതരണം ചെയ്ത ശേഷം 10,560/- രൂപ 02.09.17 – ൽ തിരിച്ചടച്ചു. വേതന വിതരണത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ പിൻവലിച്ച തുക, വിതരണം ചെയ്തത്, നീക്കിയിരുപ്പ് എന്നിങ്ങനെ ഓരോ ദിവസത്തെയും വിതരണത്തിന്റെ വിശദാംശങ്ങളില്ല. ഗുണഭോക്താക്കളുടെ ഫോട്ടോ, ജനനത്തീയതി എന്നിവ അടങ്ങിയ രജിസ്റ്ററും ഓഡിറ്റിൽ ഹാജരാക്കിയില്ല. 08/17 – ൽ തുക പിൻവലിക്കുന്നതിനായി ട്രഷറിയിൽ ഹാജരാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റും ഓഡിറ്റിൽ ഹാജരാക്കിയില്ല. ആയതിനാൽ വേതനം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അർഹതയും ഓഡിറ്റിൽ പരിശോധിക്കാനായില്ല.

അപാകതകൾ പരിഹരിച്ച് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-21 മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചില്ല

1. മുൻകൂറായി നൽകിയ ചുവടെ ചേർക്കുന്ന തുകകൾ ക്രമീകരിച്ചതിന്റെ ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല.

| തുക, വൗച്ചർ/ചെക്ക് നം. | ഇനം | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|
| 10,000/-(51700135/ 26.05.17) | പി.എം.എ.വൈ ജിയോ ടാഗിങ്ങിന് മൊബൈൽ ഫോൺ വാങ്ങൽ. | T.S.ജയകുമാർ, പിഡബ്ല്യൂഒ -2 |
| 5,000/- (51700211/19.06.17) | അനധികൃത നിർമ്മാണം പൊളിക്കുന്നതിന്, | T.S.ജയകുമാർ, പിഡബ്ല്യൂഒ -2 |
| 4,500/- (51700240/10.07.17) | ഓഫീസ് ജീപ്പ് റിപ്പയർ | T.S.ജയകുമാർ, പിഡബ്ല്യൂഒ -2 |
| 5,000/- (51700265/18.07.17) | താക്കോൽ വാങ്ങുന്നതിന് | എ.ഗിരിജ, റവന്യൂ ഇൻസ്പെക്ടർ |
| 20,000/- ( 51700653 /18.12.17) | യുപിഎ സെക്ഷന് വയറിംഗ് & നെറ്റ് വർക്കിംഗ്. | ഓമന,പിഡബ്ല്യൂഒ. |
| 2,000/- ( 51700723/29.01.18) | ഓഫീസ് ജീപ്പ്- വാർഷിക ടെസ്റ്റ് | നാദിയ, പിഡബ്ല്യൂഒ-1 |
| 30,000/- | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് മെഷീൻ ഇലക്ട്രിഫിക്കേഷൻ | ഓമന, |

| | | |
|---|---|---|
| (51700780/27.02.18) | | പിഡബ്ല്യൂഒ -3 |
| 49,000/-<br>(51700835/15.03.18) | നവീകരിച്ച മുനിസിപ്പൽ കെട്ടിടത്തിന്റെ ഉത്ഘാടനം. | പി.സുരേന്ദ്രൻ നായർ,<br>പിഡബ്ല്യൂഒ -2 |
| 4,000/-<br>(51700846/22.03.18) | വൈഫൈ കണക്ഷൻ ലഭിക്കുന്നതിന് | പി.സുരേന്ദ്രൻ നായർ,<br>പിഡബ്ല്യൂഒ -2 |

യഥാസമയം ക്രമീകരണ ബില്ലുകൾ ഹാജരാക്കാത്ത താത്കാലിക മുൻകൂറുകൾ അനുവദനീയമായ സമയ പരിധി (മൂന്ന് മാസം) കഴിഞ്ഞാലുടൻ തന്നെ മുൻകൂർ നല്കിയ തീയതി മുതൽ തിരികെ അടക്കുന്ന തീയതി വരെയുള്ള കാലയളവിന് 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറുകൾ കൈപ്പറ്റിയ ഉദ്യോഗസ്ഥന്റെ പേരും സ്ഥിരം മേൽവിലാസവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.12/21.02.19) ത്തിനുള്ള മറുപടിക്കൊപ്പം ഉദ്യോഗസ്ഥരുടെ മേൽവിലാസം ലഭ്യമാക്കിയില്ല. യഥാസമയം ക്രമീകരണ ബിൽ ഹാജരാക്കാത്ത മുഴുവൻ തുകയും പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. <u>ഓണം അഡ്വാൻസ് - മുഴുവൻ ഗഡുവും തിരിച്ചടച്ചില്ല</u>

ശ്രീ.മനുകൃഷ്ണൻ, എൽ.ഡി.സി ഓണം അഡ്വാൻസിനത്തിൽ കൈപ്പറ്റിയ 15,000/- രൂപയിൽ 9,000/- രൂപ മാത്രമാണ് തിരികെ ഒടുക്കിയത്. നഗരസഭയിൽ നിന്നും സ്ഥലം മാറിപ്പോയ ജീവനക്കാരൻ ഒടുക്കുവാനുള്ള തുകക്ക് കത്ത് നൽകി യിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.12/21.02.19) മറുപടി നൽകിയത്. പലിശ സഹിതം തുക ഈടാക്കി മറുപടി നൽകേണ്ടതാണ്.

# 3-22 ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

നഗരസഭയുടെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ, ഡെപ്പോസിറ്റ് ഇനത്തിൽ മുൻവർഷങ്ങളിലേതുൾപ്പെടെ 1,60,600/-രൂപ തിരികെ നൽകാനുണ്ട്. നിശ്ചിത മാതൃകയിലുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, ഈ തുക ഏതൊക്കെ വർഷങ്ങളിൽ, ഏതൊക്കെ ഇനം നിക്ഷേപങ്ങളായി ലഭിച്ചിട്ടുള്ളതാണെന്നുള്ള വിവരങ്ങൾ ലഭ്യമല്ല. ധനകാര്യപത്രികയിൽ സ്ഥാപനത്തിന്റെ ലയബിലിറ്റി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഈ തുകയിൽ മൂന്നുവർഷം മുൻപ് സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളതും തനതുഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതുമായ നിക്ഷേപങ്ങളും ഉൾപ്പെടുന്നു. നിക്ഷേപങ്ങളുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാകുന്ന വിധത്തിൽ നിശ്ചിത മാതൃകയിലുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

# 3-23 റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി നഗരസഭ വാങ്ങിയ 20 ബാരൽ ടാർ 3 വർഷത്തോളമായിട്ടും വിതരണം ചെയ്തിട്ടില്ല

നഗരസഭയിലെ വിവിധ റോഡുകളുടെ ടാറിംഗ് പ്രവൃത്തികൾക്കായി സിഡ്കോയിൽ നിന്നും 4/16-ൽ വാങ്ങിയ 60 ബാരൽ ടാറിൽ വിതരണ ശേഷം മിച്ചമുണ്ടായിരുന്ന 20 ബാരൽ (3236കി.ഗ്രാം) ഓഡിറ്റ് സമയത്തും (2/19) വിതരണം ചെയ്യാതെ അവശേഷിക്കുന്നു. സിഡ്കോയുടെ 26.04.2016ലെ 16730-ാം നമ്പർ ഇൻവോയിസ് പ്രകാരം 60 ബാരൽ ടാറിനായി (VG10) കയറ്റിറക്കു കൂലി ഉൾപ്പെടെ 3,29,871/-രൂപയായിരുന്നു നഗരസഭ വിനിയോഗിച്ചത്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മേൽ തുക വിനിയോഗിച്ച് വാങ്ങിയ ടാർ 22.03.17-നുശേഷം വിതരണം നടത്തിയിട്ടില്ല. ടാർ വാങ്ങി 3 വർഷത്തോളമായിട്ടും നിശ്ചിത പ്രവൃത്തികൾക്കായി ഇത് വിനിയോഗിക്കാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 45/26.2.19) നിലവിൽ MORD

സ്പെസിഫിക്കേഷൻ പ്രകാരം നടത്തുന്ന ടാറിംഗ് പ്രവൃത്തികൾക്ക് VG30 ഇനത്തിൽപെട്ട ടാർ ഉപയോഗിക്കുന്നതിനാലാണ് സ്റ്റോക്കിൽ മിച്ചമുണ്ടായിരുന്ന ടാർ വിനിയോഗിക്കാതിരുന്നതെന്നും, ഇത് ഉപയോഗിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾക്കായി എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറോട് ആരായുന്നതാണെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ മറുപടി നൽകി. ടാർ വാങ്ങി 3 വർഷത്തോളമായിട്ടും ഉപയോഗിക്കാതിരിക്കുന്നത് അതിന്റെ ഗുണമേന്മയെ ബാധിക്കുന്നതിനും, നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടത്തിനും ഇടയാക്കുമെന്നതിനാൽ ഈ വിഷയത്തിൽ ആവശ്യമായ സത്വര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപെടുത്തുന്നു.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 334/18 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 9/27.07.17 | 13,20,000/- | വിശദാംശങ്ങൾ ലഭ്യമല്ല | - |
| | 335/18 വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 61/16.03.18<br>65/31.03.18<br>66/31.03.18 | 78,411/-<br>6,95,210/-<br>7,66,379/- | വിശദാംശങ്ങൾ ലഭ്യമല്ല | - |
| | 336/18 ഇലക്ട്രിക് മീറ്റർ സ്ഥാപിക്കൽ | 31/30.10.17 | 13,65,250/- | വിശദാംശങ്ങൾ ലഭ്യമല്ല | - |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനം | സ.ഉ.(സാധ) 2234/10, 7.7.2010 | 55546500 | 1,28,36,290 | 46,50,000 | - | 81,86,290 |
| KURDFC ലോൺ, സസ്യ മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് | ലഭ്യമല്ല | 8832500 (തൻവർഷം ലഭിച്ചത്) | 57,33,860 | 17,73,699 | 7,93,458 | 1,27,92,661 |

# 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ്റിക്കവറി ഇനത്തിൽ ഈടാക്കിയ 33951/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| വിവരങ്ങൾ ലഭ്യമല്ല | | 29903/- | ശ്രീ.ഹരിചന്ദ്രൻനായർ, കോൺട്രാക്ടർ | 11701400040/04.08.17 |
| | | 1887/- | ശ്രീ.ഇക്ബാൽഖാൻ, കോൺട്രാക്ടർ | 117390900025/31.10.17 |
| | | 2161/- | ശ്രീ.ഷൌക്കത്ത്, കോൺട്രാക്ടർ | 117390900037/31.10.17 |
| ആകെ. | | 33951/- | | |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-16 | 2006-07 | 4-12-1 | ലാടിൻ | |
| | 2-17 | | 4-12-2 | വനിതാ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | |
| | 2-19 | | 4-12-3 | കൊതുക നിവാരണം | |
| 2006-08 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി റിപ്പോർട്ട് | | 2-17 | വാടക വർദ്ധനവ് ഈടാക്കിയിട്ടില്ല | സെക്രട്ടറിയുടെ ഡി.സി.ആർ.ജി യിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്തിട്ടുണ്ട് |
| 2006-08 | " | | 29,30 | വകമാറ്റി ചെലവഴിച്ചു | ഖണ്ഡിക നിലനിൽക്കുന്നു. |
| 2006-08 | " | | 31 | ടാർ വാങ്ങൽ | ഫയൽ ഹാജരാക്കിയിട്ടില്ല |
| 2006-08 | " | | | അമ്പലപ്പാട്ട് റോഡ് ടാറിംഗ് | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | " | | 43,44 | വ്യാജ രേഖ ചമയ്ക്കൽ | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |
| 2006-08 | " | | 45 | | സെക്രട്ടറിയെ കുറ്റവിമുക്തനാക്കി. |
| 2006-08 | " | | 57,58,59,60 | | റവന്യൂ റിക്കവറിക്ക് കത്ത് നല്കി |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 371619260/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 367437170/- |
| വരവിനങ്ങളിലുള്ള നഷ്ടം | 6176/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5541071/- |

**(ബി)നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 6176/- | | ശ്രീ.സജി.എൽ.എസ്, സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 237110 | സെക്രട്ടറി |
| 3-8 | 164667 | സെക്രട്ടറി |
| 3-9 | 144000 | സെക്രട്ടറി |
| 3-11 | 39401 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-12 | 118078 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-14 | 1320000 | - |
| 3-15 | 3233975 | സെക്രട്ടറി |
| 3-19 | 283840 | സെക്രട്ടറി |
| ആകെ | 5541071 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രഘു.പി, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | രോഹിണിനിലയം, ഗോവിന്ദമുട്ടം.പി.ഒ. കായംകുളം |
| ഡോ.സുജ എബ്രഹാം, സൂപ്രണ്ട്, | ജില്ലാ മെഡിക്കൽ ഓഫീസർ, | ഇടമുറിക്കൽ ഹൗസ്, |

| | | |
|---|---|---|
| താലൂക്ക് ഹോസ്പിറ്റൽ | ആലപ്പുഴ | ഓലകെട്ടിയമ്പലം പി.ഒ.<br>മാവേലിക്കര |
| ശ്രീമതി.എൻ.ഷൈനി,<br>മുനിസിപ്പൽ എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കായംകുളം നഗരസഭ | മംഗലശ്ശേരിൽ,<br>ഹൗസ് നം.81.<br>ശങ്കർ നഗർ, കൊല്ലം. |
| ഡോ.സജീഷ് മുഹമ്മദ്,<br>സൂപ്രണ്ട്, താലൂക്ക് ഹോസ്പിറ്റൽ | ലഭ്യമല്ല | ഫത്താവില്ല,<br>(FATHAH VILLA)<br>ചേരാവള്ളി, കായംകുളം |
| ശ്രീമതി.ചിഞ്ചു.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ. | ലഭ്യമല്ല | ഹൃത്ത്(HRITHU),<br>ചവറ പിഒ.<br>കൊല്ലം – 691588. |
| ശ്രീ.ഷാജി.ജെ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ലഭ്യമല്ല | വള്ളോപ്പള്ളിൽ ഹൗസ്,<br>പടനായർകുളങ്ങര വടക്ക്,<br>കരുനാഗപ്പള്ളി -690518 |
| ശ്രീ.ഡി.ജയകുമാർ.<br>സെക്രട്ടറി, | ലഭ്യമല്ല | ശ്രീഭവൻ,ചെമ്മണ്ണുവിള,<br>വടകോട്,പെരുമ്പഴുത്തൂർ,<br>തിരുവനന്തപുരം |
| ശ്രീ.സജി.എൽ.എസ്,<br>സെക്രട്ടറി, | സെക്രട്ടറി,<br>കായുകുളം നഗരസഭ | ഉഷസ് ഭവനം,തരത്തിക്കുളം,<br>കാഞ്ഞിരം കുളം പി.ഒ<br>തിരുവനന്തപുരം. |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 71-72 മുതൽ<br>1980-81 വരെ | എൽ.എഫ്.എ.5-266/83/13.02.85 |
| 1981-82 | എൽ.എഫ്.എ.5-197/83/31.01.85 |
| 1982-83 | എൽ.എഫ്.എ.5-686/85/12.01.85 |
| 1983-84 | എൽ.എഫ്.എ.5-375/86/31.10.86 |
| 1984-85 | എൽ.എഫ്.എ.5-402/85/31.10.86 |
| 1985-86 | എൽ.എഫ്.എ.5-848/89/31.10.90 |
| 1986-87 | എൽ.എഫ്.എ.5-1306/90/29.10.90 |
| 1987-88 | എൽ.എഫ്.എ.5-എഫ്.744/91/21.11.90 |
| 1988-89 | എൽ.എഫ്.എ.5-63/93/17.04.93 |
| | |

| | |
|---|---|
| 1989-90 | എൽ.എഫ്.എ.5-63/93/ 17.04.93 |
| 1990-91 | എൽ.എഫ്.എ.5-815/96/07.06.1996 |
| 1991-92 | എൽ.എഫ്.എ.5-816/95/11.06.96 |
| 1992-93 | എൽ.എഫ്.എ.5-271/97/23.03.98 |
| 1996-97 | എൽ.എഫ്.എ.5-769/99/14.03.00/07.09.2000 |
| 1997-98 (വരവ്)<br>1997-98(ചെലവ്) | എൽ.എഫ്.എ.4-169/09/30.06.09/01.10.09<br>എൽ.എഫ്.എ.11-896/00/08.02.01/12.06.01 |
| 1998-99(വരവ്)<br>1998-99 (ചെലവ്) | എൽ.എഫ്.എ.4-170/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1275/01/17.05.02/07.06.02 |
| 1999-2000(വരവ്)<br>1999-2000 (ചെലവ്) | എൽ.എഫ്.എ.4-171/09/30.06.09/01.10.09<br>എൽ.എഫ്.എ.4-955/03/10.10.03/11.12.03 |
| 2000-01 (വരവ്)<br>2000-01 (പ്ലാൻ ഫണ്ട്)<br>2000-01 (തനത് ചെലവ്) | എൽ.എഫ്.എ.4-172/09/01.07.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04<br>എൽ.എഫ്.എ.4-പി.962/06/08.12.06/15.02.07 |
| 2001-02(വരവ്)<br>2001-02(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1030/03/11.12.03/09.02.04 |
| 2002-03(വരവ്)<br>2002-03(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2003-04(വരവ്)<br>2003-04(ചെലവ്) | എൽ.എഫ്.എ.4/09/30.06.09/01.10.09<br>എൽ.എഫ്.എ.4-1227/06/28.11.06/10.01.07 |
| 2004-05 | എൽ.എഫ്.എ.4-168/09/01.07.09/01.10.09 |
| 2005-06 | എൽ.എഫ്.എ.4-332/09/13.07.09/01.10.09 |
| 2006-07 | എൽ.എഫ്.എ.4-368/09/17.08.09/06.02.2010 |
| 2007-08 to 2009-10 | എൽ.എഫ്.എ.എം1-1094/12/25.01.13 |
| 2010-11, 2011-12 | എൽ.എഫ്.എ.എം1- |
| 2012-13 | എൽ.എഫ്.എ.എം1-634/2015 |
| 2013-14 | കെ.എസ്.എ.എ.എൽ.പി.എം.1/1079/15 dt.7.9.15 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.എം.1/848/16 dt.1.8.16 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.ജി.എ5-169/17 dt. 14.02.17/17.02.17 |
| 2016-17 | കെ.എസ്.എ.എ.എൽ.പി.ജി.എ5-1262/17 dt. 24.10.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

# അനുബന്ധം.1

നം. കെ.എസ്.എ-എ.എൽ.പി-ജി.എ4-1405(2)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

തീയതി: 01.10.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6), 2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60 എന്നിവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കായംകുളം നഗരസഭയുടെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ